No/9/2020/SRG/LSGD(CC)(6)

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 07.01.2021-ൽ കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം രാവിലെ 10.30 ന് സെക്രട്ടേറിയറ്റ് അനക്സ് II -ലെ 'ലയം' ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്ത വരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

07.01.2021 വരെയുള്ള ആകെ പദ്ധതി ചെലവ് 47.68 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 48.68 ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് പാലക്കാട് ജില്ലയിലും (51.79%) ഏറ്റവും കുറവ് തിരുവനന്തപുരം ജില്ലയിലുമാണ് (44.59ശതമാനം). 72.88 കോടി രൂപയുടെ 3182 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 91.52 കോടി രൂപയുടെ 4119 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്.

തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം (ശതമാനം)

ഗ്രാമപഞ്ചായത്ത്	50.92%
ബ്ലോക്ക് പഞ്ചായത്ത്	51.94%
ജില്ലാ പഞ്ചായത്ത്	49.88%
മുനിസിപ്പാലിറ്റി	48.35%
കോർപ്പറേഷൻ	32.48%
ആകെ	47.68

ജില്ല തിരിച്ചുള്ള ചെലവ് വിവരം

1	പാലക്കാട്	51.79%
2	പത്തനംതിട്ട	50.33%
3	വയനാട്	49.21%
4	എറണാകുളം	49.1%
5	ഇടുക്കി	48.82%
6	കോട്ടയം	48.53%
7	ആലപ്പുഴ	48.46%

8	കാസർഗോഡ്	48.21%
9	തൃശ്ശൂർ	47.93%
10	കോഴിക്കോട്	47.18%
11	മലപ്പുറം	46.68%
12	കണ്ണൂർ	46.07%
13	കൊല്ലം	45.57%
14	തിരുവനന്തപുരം	44.59%

പൊതു വിഭാഗം, SCP,TSP, CFC യുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.

ജനറൽ	SCP	TSP	CFC
55.49%	46.59%	43.67%	38.68%

തദ്ദേശഭരണസ്ഥാപനം തിരിച്ച് പെന്റിംഗ് ബില്ലുകളുടെ എണ്ണവും തുകയും

തദ്ദേശഭരണ സ്ഥാപനം	ബില്ലുകളുടെ എണ്ണം	തുക(കോടി)
1) ഗ്രാമപഞ്ചായത്ത്	2672	43.63
2) ബ്ലോക്ക് പഞ്ചായത്ത്	371	6.41
3) ജില്ലാ പഞ്ചായത്ത്	300	10.94
4) മുനിസിപ്പാലിറ്റി	576	14.91
5) കോർപ്പറേഷൻ	200	15.60
ആകെ	**4119**	**91.52**

പുതിയ പ്രോജക്ടുകളുടേയും സ്പിൽ ഓവർ പ്രോജക്ടുകളുടേയും തരം തിരിച്ചുള്ള ചെലവ് താഴെ ചേർക്കുന്നു.

തദ്ദേശഭരണ സ്ഥാപനം	പദ്ധതി ചെലവ് (ശതമാനം)		
	പുതിയ പ്രോജക്ടുകൾ	സ്പിൽ ഓവർ പ്രോജക്ടുകൾ	ആകെ
1) ഗ്രാമപഞ്ചായത്ത്	23.93	26.98	50.92
2) ബ്ലോക്ക് പഞ്ചായത്ത്	21.21	30.74	51.94
3) ജില്ലാ പഞ്ചായത്ത്	16.12	33.76	49.88
4) മുനിസിപ്പാലിറ്റി	20.01	28.34	48.35
5) കോർപ്പറേഷൻ	10.74	21.74	32.48
ആകെ	**20.05**	**27.62**	**47.68**

മുൻ വർഷങ്ങളിൽ ഡിസംബർ 31-ലെ പദ്ധതി ചെലവ്

2014-15	25.47%
2015-16	23.99%
2016-17	14.7%
2017-18	30.9%
2018-19	53.38%
2019-20	35.84%
2020-21	47.68%

2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.1 28.01.2020-ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.1(3.11) പല തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇപ്പോൾ നിലവിലില്ലാത്ത വാട്ടർ ടാപ്പുകൾക്കും കേരള വാട്ടർ അതോറിട്ടി വെള്ളചാർജ് ഈടാക്കുന്നുണ്ട്. ഇതിന്റെ കണക്കെടുത്ത് നിലവിലുള്ള ടാപ്പുകൾക്ക് മാത്രം വെള്ള ചാർജ് നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിനായി കേരള വാട്ടർ അതോറിട്ടി അധികാരികളുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ചർച്ച ചെയ്യണമെന്നും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം, കൂടിവെള്ള ചാർജ് കണക്കാക്കുന്ന വാട്ടർ ടാപ്പുകളുടെ എണ്ണം എന്നിവ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും നൽകണമെന്നും കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു.

ഇതിന്റെ ഭാഗമായി ജില്ലതിരിച്ചുള്ള കണക്ക് പഞ്ചായത്ത് ഡയറക്ടറും ഓരോ നഗരസഭ തിരിച്ചുള്ള കണക്ക് നഗരസഭാ ഡയറക്ടറും നൽകി. ഇതിന്റെ ആകെ എണ്ണം താഴെപ്പറയും പ്രകാരമാണ്.

	നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണം	**കൂടിവെള്ള ചാർജ് കണക്കാക്കുന്ന ടാപ്പുകളുടെ എണ്ണം**
നഗരസഭ	47,381	47,665
ഗ്രാമപഞ്ചായത്തുകൾ	1,43,819	1,47,706
ആകെ	**1,91,200**	**1,95,371**

അധികമായി 4171 ടാപ്പുകൾക്ക് കൂടിവെള്ള ചാർജ് നൽകുന്നുണ്ട്. കൂടാതെ നിലവിലെ കൂടിവെള്ളം ലഭിക്കാത്ത ടാപ്പുകളും ഉണ്ടായേക്കാം. ഇത് കേരള വാട്ടർ അതോറിട്ടിയുമായി അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ചർച്ച ചെയ്ത് ഇതിന്റെ കൂടിവെള്ള ചാർജ് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

2.2 24.06.2020 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.2(3.12) ഐ.കെ.എം.ന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സോഫ്റ്റ് വെയർ സംബന്ധമായ പ്രശ്നങ്ങളും ഐ.കെ.എം.ൽ അത്യാവശ്യം വേണ്ട മാറ്റങ്ങളും ചർച്ച ചെയ്യാനും പഠിക്കാനും കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി മൂന്ന് സിറ്റിംഗ് നടത്തി എന്ന് കില ഡയറക്ടർ ജനറൽ യോഗത്തിൽ അറിയിച്ചു.

കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.ബി.) വകുപ്പ്

2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

2.3 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.3(3.9) സ്ഥലം ലഭ്യമല്ലാത്തതിനാൽ തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് തൊഴിലാളികളെ സഹായിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല. നിലവിൽ ഇവരുടെ പാർപ്പിട സൗകര്യം വളരെ മോശമാണ്. ഈ പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ കഴിഞ്ഞ 5 വർഷം എത്ര തുക മാറ്റി വച്ചു, എത്ര ചെലവഴിച്ചു തുടങ്ങിയ വിവരങ്ങൾ ശേഖരിക്കണം. കൂടാതെ ഇവിടെ എത്ര പേർക്കാണ് വീടു വച്ചു നൽകേണ്ടത്, കഴിഞ്ഞ 5 വർഷക്കാലങ്ങളിൽ ഇവിടെ ലക്ഷ്യമിട്ടത് എത്രയാണ്, എത്ര പൂർത്തീകരിച്ചു എന്നീ വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർ നൽകിയിരുന്നു.

പഞ്ചായത്ത് ഡയറക്ടറും ജില്ലാ പ്ലാനിംഗ് ഓഫീസർമാരും മുഖേന ലഭിച്ച ലിസ്റ്റ് പ്രകാരം ആകെ 132 ഗ്രാമപഞ്ചായത്തുകളാണ് തോട്ടം മേഖലയിലുള്ളത്.

തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് സ്ഥലം കണ്ടെത്താനുള്ള പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്തും താഴെ തലത്തിൽ പരിശോധന നടത്തിയും റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകണം. ബന്ധപ്പെട്ട വകുപ്പ മന്ത്രിമാരുടെ തലത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ തീരുമാനിച്ചു. ഇതിനുവേണ്ട നടപടി അഡീഷണൽ ചീഫ് സെക്രട്ടറി സ്വീകരിക്കണം. അതിനാൽ കാലതാമസം കൂടാതെ വിശദമായ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

2 .3(4.23) ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.06.20ലെ കത്ത് (SRG /515/20 CC/545/20)

പ്രോ.നം. 21/2021 അടങ്കൽ - 5,00,000/- രൂപ (വികസന ഫണ്ട്)

പേര് - ഋതുമതി - വനിതകൾക്ക് മെൻസ് ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും

സംസ്കരിക്കാൻ ബുദ്ധിമുട്ടുള്ള സാനിട്ടറി നാപ്കിനുകൾക്കു പകരം കഴുകി ഉപയോഗിക്കാൻ കഴിയുന്ന മെൻസ്ട്രുവൽ കപ്പ് ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തിലെ 3000 വനിതകൾക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഇതിന്റെ ഉപയോഗം സംബന്ധിച്ച് വനിതകൾക്ക് ബോധവൽക്കരണം നടത്താനും ഉദ്ദേശിക്കുന്നു. 30 മുതൽ 50 വരെയുള്ള 10 ബാച്ചുകളായി വിദഗദ്ധരെ ഉപയോഗിച്ചാണ് ബോധവൽക്കരണം. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

ഇതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞ് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇതുവരെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

ഇതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കാത്ത സാഹചര്യത്തിൽ ഈ വർഷം തൽക്കാലം പ്രോജക്ട് നടപ്പാക്കുന്നില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

തീരുമാനം:- ബ്ലോക്ക് പഞ്ചായത്ത് പിന്നീട് ആവശ്യപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാൻ മാറ്റി വച്ചു.

നടപടി: — - തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

2.4 23.09.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.4(3.3) പദ്ധതി നിർവഹണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെതലത്തിലെ ഉദ്യോഗസ്ഥന്മാരെ കൂടി നിർവ്വഹണ ഉദ്യോഗസ്ഥരാക്കുകയും അവർക്ക് പ്രത്യേക മായി ഡി.ഡി.ഒ കോഡ് നൽകുകയും ചെയ്തു. ഇത് പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കി. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ (self drawing) ശമ്പളവും മറ്റും വാങ്ങുന്ന ട്രഷറി അല്ല അദ്ദേഹം നിർവഹണ ഉദ്യോഗസ്ഥനായുള്ള തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ട്രഷറി. ഇങ്ങനെയുള്ള നിർവഹണ ഉദ്യോഗസ്ഥന് രണ്ട് ട്രഷറിയിൽ നിന്നും ഇടപാടു നടത്തുന്നതിന് ക്രമീകരണം ചെയ്യുന്നത് പദ്ധതി നിർവഹണത്തിന് സഹായ കരമാകും എന്നതിനാൽ ഇത്തരം ഉദ്യോഗസ്ഥർ ഏതൊക്കെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഉണ്ട് എന്നു കണ്ടെത്തി അവരുടെ വിശദാംശം സഹിതം പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, എന്നിവർ ധനകാര്യ വകുപ്പിന് നൽകണം. ഇതനുസരിച്ച് ഈ ഉദ്യോഗസ്ഥർക്ക് വെർച്വൽ ഡി.ഡി.ഒ കോഡ് അനുവദിക്കുന്നത് പരിഗണിക്കാമെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചിരുന്നു.

ഇപ്രകാരം ഡി.ഡി.ഒ കോഡ് ആവശ്യമുള്ളവരുടെ ലിസ്റ്റ് ധനവകുപ്പിന് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവിക സന കമ്മീഷണർ എന്നിവർ അറിയിച്ചു. ഈ ലിസ്റ്റനുസരിച്ച് ഡി.ഡി.ഒ കോഡ് കാലതാമസം കൂടാതെ അനുവദിക്കണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു. കൂടാതെ ഫഷറീസ് മേഖലയിൽ പുതിയതായി നിർവഹണ ചുമതല നൽകിയ ഉദ്യോഗസ്ഥർക്കും ഡി.ഡി.ഒ കോഡ് നൽകണമെന്ന ആവശ്യവും ധനവകുപ്പിന്റെ പരിഗണനയക്ക് വകുപ്പിൽ നിന്നു നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) ധനവകുപ്പ്

2.4(3.8) ജനകീയ ഹോട്ടൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സർക്കാർ നിർദ്ദേശിച്ച പ്രകാരം സ്ഥാപിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കണം. സർക്കാർ ഉത്തരവിൽ പറയും പ്രകാരം ജനകീയ ഹോട്ടൽ സ്ഥാപിക്കാത്ത തദ്ദേശഭരണ സ്ഥാപന ങ്ങളുടെ വിവരങ്ങളും മറ്റു വിശദാംശങ്ങളും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശേഖരിച്ച് നൽകി.

നിലവിൽ 850 ജനകീയ ഹോട്ടലുകളാണ് ആരംഭിച്ചത് (നഗരം 136, ഗ്രാമം 714). ഒന്നിൽ കൂടുതൽ ജനകീയ ഹോട്ടലുകൾ ആംഭിക്കാൻ സാധ്യതയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ട്.

കുടുംബശ്രീ എക്സികുട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത പ്രകാരം ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ ജനകീയ ഹോട്ടൽ സ്ഥാപിക്കുന്നതിന് അനുയോജ്യ മായ സ്ഥലമുണ്ടെങ്കിൽ അവിടെയും ജനകീയഹോട്ടൽ സ്ഥാപിക്കാവുന്നതാണ്. ഇങ്ങനെ സ്ഥാപിക്കുന്ന ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ സപ്ലൈകോയിൽ

നിന്ന് സാധനങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു.

തീരുമാനം:- ഇതിന്മേൽ തുടർ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തി.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യഡയറക്ടർ
4) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

2 .4(4.1) ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.20-ലെ കത്തും ചിറയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2020 -ലെ കത്തും 18.03.2020-ലെ 4/35(4) -ാം നമ്പർ ഭരണ സമിതി തീരുമാനവും - (SRG 635/20 CC/634/20, SRG 636 /20 CC/635/20, SRG 637 /20 CC 636/20, SRG -638 /20 CC /637/20, SRG 639 /20 CC 638/20, SRG - 640 /20 CC /639/20 (6 **കത്തുകൾ**)

താഴെപ്പറയുന്ന പ്രോജക്ടുകൾ 2019-20 വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

(i) പ്രോ.നം. 258/20 അടങ്കൽ 5,00,000/- രൂപ (തനത് ഫണ്ട്)

പേര്- പനങ്കാവ് കുളം പുനരുദ്ധാരണം - മൂന്നാംഘട്ടം

(ii) പ്രോ.നം. 259/20 അടങ്കൽ 3,00,000/- രൂപ (തനത് ഫണ്ട്)

പേര്- അമ്പൂട്ടിക്കുന്ന് ഡ്രെയ്നേജ് വർക്ക്

(iii) പ്രോ.നം. 636/20 അടങ്കൽ 3,75,000/- രൂപ (തനത് ഫണ്ട്)

പേര്- പട്ടുവത്തെരു റോഡ് ഓവ് ചാൽ മൂന്നാംഘട്ടം

(iv) പ്രോ.നം. 271/20 അടങ്കൽ 2,50,000/- രൂപ (തനത് ഫണ്ട്)

പേര്- അച്ചുവേട്ടന്റെ വീട്ടു മുതൽ ജൻഡക്ക് കൃഷ്ണന്റെ വീട് വരെ റോഡ് ടാറിംഗ് (ബാക്കി ഭാഗം

(v) പ്രോ.നം. 286/20 അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)

പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 1 മുതൽ 7 വരെ വാർഡുകൾ

(vi) പ്രോ.നം. 287/20 അടങ്കൽ 2,00,000/- രൂപ (തനത് ഫണ്ട്)

പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 8 മുതൽ 14 വരെ വാർഡുകൾ

(vii) പ്രോ.നം. 288/20 അടങ്കൽ 3,00,000/- രൂപ (തനത് ഫണ്ട്)

പേര്- ഓവ് ചാൽ മണ്ണ് നീക്കം ചെയ്യൽ 15 മുതൽ 23 വരെ വാർഡുകൾ

ഈ പ്രോജക്ടുകൾ ടെണ്ടർ നടപടി കൂടാതെ നടപ്പാക്കി. ഈ പ്രവൃത്തികളുടെ തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ നൽകാൻ അനുമതി സംബന്ധിച്ച്.

ടെണ്ടർ നടപടി കൂടാതെ പ്രോജക്ട് നടപ്പാക്കിയത് വീഴ്ചയാണെന്ന് യോഗം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ഡയറക്ടർ റിപ്പോർട്ട് നൽകി

റിപ്പോർട്ട് പ്രകാരം നിയമാനുസൃതമായ യാതൊരു നടപടിക്രമങ്ങളും പാലിക്കാതെയാണ് പ്രസ്തുത 7 പ്രവൃത്തികളും പൂർത്തീകരിച്ചത്. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലല്ല ഈ പ്രവൃത്തികൾ നടന്നിട്ടുള്ളത്. പ്രവൃത്തികളുടെ സ്വഭാവംകൊണ്ടും നിർമ്മാണം പൂർത്തിയാക്കി ഒരു വർഷത്തിലധികം കഴിഞ്ഞതിനാലും ടി പ്രവൃത്തികളുടെ വാലുവേഷൻ എടുക്കാനും ബുദ്ധിമുട്ടാണ്.

തീരുമാനം:- ഇത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി. സാധൂകരണം നൽകേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു. ഈ പ്രവൃത്തി നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ പേരിൽ കർശന നടപടിയെടുക്കാനും ഇതു സംബന്ധിച്ച് സാമ്പത്തിക ബാധ്യത ബന്ധപ്പെട്ടവരുടെ പേരിൽ നൽകാനും വകുപ്പിനെ ചുമതലപ്പെടുത്തി.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്

. 2 .4(4.5) കോഴിക്കോട് ജില്ലാ പഞ്ചായത്ത്

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.08.2020-ലെ കത്തും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 25.08.2020-ലെ P6-2835/20-ാം നമ്പർ കത്തും ജില്ലാ പഞ്ചായത്തിന്റെ 21.08.2020-ലെ 1-61/20-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 674/20- CC/748/20).

പ്രോജക്ട് നം. 445/21 ***അടങ്കൽ 25,00,000/ രൂപ (എസ്.സി.പി)***

പേര് – പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം

പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിനുള്ള പ്രോജക്ട് തയ്യാറാക്കാനാണ് ജില്ലാ പഞ്ചായത്ത് തീരുമാനമെടുത്തിരുന്നതെന്ന് അറിയിച്ചിരുന്നു. എന്നാൽ മാർഗ്ഗരേഖ പ്രകാരം ഒരു സൊസൈറ്റിക്ക് പരമാവധി 5.00 ലക്ഷം രൂപയെ നൽകാവൂ എന്ന കാരണത്താൽ "പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകൽ" എന്ന പ്രോജക്കാണ് സുലേഖ സോഫ്റ്റ് വെയറിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കിയത്. പ്രോജക്ട് അടങ്കലായ 25.00

ലക്ഷം രൂപയും കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിടം പണിയുന്നതിന് മാത്രമായി നൽകാൻ അനുമതി നൽകണമെന്നഭ സംബന്ധിച്ച്.

കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റി യുടെ ഇഭവരെയുള്ള പ്രവർത്തനം, ഈ സൊസൈറ്റി മുഖേന എത്ര പേർക്ക് തൊഴിൽ ലഭിക്കുന്നു, ഇപ്പോഴത്തെ സ്ഥിതി, പശ്ചാത്തല സൗകര്യം തുടങ്ങിയവ പരിശോധിച്ച് അസിസ്റ്റന്റ് രജിസ്ട്രാർ/ബന്ധപ്പെട്ട സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് കൂടി വാങ്ങി പഞ്ചായത്ത് ഡയറക്ടറോട് റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിരുന്നു. ഇഭ പ്രകാര താഴെപ്പറയുന്ന റിപ്പോർട്ട് നൽകിയിട്ടുണ്ട്.

റിപ്പോർട്ട്:- ഇഭ 1983-ൽ പ്രവർത്തനം ആരംഭിച്ച സംഘമാണ്. സംഘത്തിന്റെ 2018-19 ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 901 അംഗങ്ങളും 91,726/- രൂപ പ്രവർത്തന മൂലധനവും 90,100/-രൂപ പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനവുമുണ്ട്. സംഘത്തിന് മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തുന്നതിനായി 'സി' ക്ലാസ്സിലേയ്ക്ക് തരംതിരിക്കുന്നതിനായുള്ള അപേക്ഷ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർ ഓഫീസിന്റെ പരിഗണനയിലാണ്.

സംഘത്തിന് കുന്ദമംഗലത്ത് സ്വന്തമായുള്ള സ്ഥലത്ത് താൽക്കാലിക ഷെഡിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ജില്ലാ പഞ്ചായത്തിന്റെ 25 ലക്ഷം രൂപ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് സംഘം വകയിലുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സ്വന്തമായി ഓഫീസ് കെട്ടിടം ഉണ്ടായാൽ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും സംഘാംഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും

തീരുമാനം :- പുതിയ കെട്ടിടം നിർമ്മിച്ചാൽ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുമെന്ന് യോഗം വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കൂടി പരിഗണിച്ച് പട്ടികജാതി സഹകരണ സംഘങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകൽ എന്ന പ്രോജക്ടിലെ വിഹിതമായ 25 ലക്ഷം രൂപ കുന്ദമംഗലം ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കെട്ടിട നിർമ്മാണത്തിന് നൽകാൻ അനുമതി നൽകുന്നു. ഈ സംഘത്തിന്റെ പ്രവർത്തനം സംബന്ധിച്ച് സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ പ്രത്യേകമായി മോണിറ്റർ ചെയ്യണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

2.4(4.20) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത്

തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.08.2020-ലെ കത്തും (രണ്ടെണ്ണം) ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 2(4) -ാം നമ്പർ തീരുമാനവും അനുബന്ധ രേഖകളും (SRG 668/20 – CC/738/20, SRG 669/20 – CC/739/20)

പ്രോ.നം. 114/20 *അടങ്കൽ 12,59,692/- രൂപ*
(സംസ്ഥാന വിഹിതം - 8,70,000/- രൂപ
CFC 3,89,692/- രൂപ)

പേര്:-വട്ടപ്പറമ്പ് അംഗനവാടിക്ക് കെട്ടിട നിർമ്മാണം - വാർഡ് -8

(ii) പ്രോ.നം. 194/20 *അടങ്കൽ 13,21,086/- രൂപ*
(സംസ്ഥാന വിഹിതം - 8,70,000/- രൂപ
CFC -4,51,086/- രൂപ)

പേര്:-പൂഴനാട് അംഗനവാടിക്ക് കെട്ടിട നിർമ്മാണം

മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകളും വനിതാ ശിശു വികസന വകുപ്പിന്റെ സഹായം കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരുന്നത്. ഓരോ അങ്കണവാടിക്കും 8,70,000/- രൂപ വീതം (ആകെ 17,40,000/-രൂപ) വനിതാ ശിശു വികസന വകുപ്പ് ഗ്രാമപഞ്ചായത്തിനു കൈമാറും എന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പി.ഡബ്ല്യു.ഡിയ്ക്കാണ് വകുപ്പ് തുക കൈമാറിയത്. നിർമ്മാണം പൂർത്തിയായെങ്കിലും വകുപ്പിന്റെ വിഹിതം നൽകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ പി.ഡബ്ല്യു.ഡി.യുടെ കൈവശമുള്ള വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്.

ഈ തുക പി.ഡബ്ല്യു.ഡി.യിൽ നിന്ന് തിരികെ വാങ്ങി ഗ്രാമപഞ്ചായത്തിന് കൈമാറാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച് ഫയൽ വകുപ്പിന് നൽകിയിട്ടുണ്ടെന്നും ധനവകുപ്പിന്റെ പരിഗണനയിലാണെന്നും വനിതാ ശിശുവികസന ഡയറക്ടർ അറിയിച്ചു. ഇതേ വിഷയം മറ്റു തദ്ദേശഭരണസ്ഥാപനങ്ങളിലും ഉണ്ടെന്നും മുൻ കോർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുക അതതു തദ്ദേശഭരണ സ്ഥാപനത്തിനു കൈമാറാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും ആവശ്യമായ തുടർ നടപടി സ്വീകരിക്കണമെന്നും ഡയറക്ടറോട് നിർദ്ദേശിച്ചു. അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്
2) വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ
3) ധനവകുപ്പ്

2.5 21.10.2020-ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

2.5(3.2) പല തദ്ദേശഭരണസ്ഥാപനങ്ങളും 2019-20 ലെ പ്രവൃത്തികളുടെ ബിൽ മാറുന്നതിന് ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം തെരഞ്ഞെടുത്തിട്ടുണ്ട്. ബിൽ ഡിസ്ക്കൗണ്ടിംഗ് സിസ്റ്റം ഉപയോഗിച്ച് ബാങ്കുകളിൽ നിന്നു മാറിയ തുക ഇതിനകം അതതു ബാങ്കുകൾക്ക് ധനവകുപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇങ്ങനെ മാറിയ തുക മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ധനവകുപ്പ് നിർദ്ദേശപ്രകാരം ക്രമപ്പെടുത്തിയിട്ടില്ല. ഈ പ്രക്രിയ പൂർത്തിയാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശം 28.05.2020 ലെ **G.O(P)68/2020/** ധന–ാ–ം നമ്പർ സർക്കാർ ഉത്തരവു പ്രകാരം ധനവകുപ്പ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും സസ്പെൻസ് ഹെഡിലേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യേണ്ടതാണ്. ഇതു വെർച്വലായി ചെയ്യുന്ന ഒരു നടപടി ക്രമം ആണ്. ഇതുവഴി തദ്ദേശഭരണസ്ഥാപനങ്ങളുടെ ബഡ്ജറ്റ് വിഹിതത്തിൽ കുറവു വരുന്നതല്ല. എന്നാൽ ഈ പ്രക്രിയ പൂർത്തിയാക്കുക എന്നത് ധനമാനേജ്മെന്റിൽ അനിവാര്യമാണ്. അതിനാൽ ഈ പ്രക്രിയ ഒട്ടും കാലതാമസം കൂടാതെ പൂർത്തിയാക്കുക എന്നത് അതതു നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ചുമതലയാണ്. ഇതിനു വേണ്ട നിർദ്ദേശം തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ

ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ താഴേ തലത്തിലേക്ക് നൽകേണ്ടതും അവലോകനം ചെയ്യേണ്ടതുമാണ്. കൂടാതെ സസ്പെൻസ് ഹെഡിലേക്ക് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്യുന്നതിന് അധിക തുക ആവശ്യമുണ്ട് എങ്കിൽ അതിന്റെ വിശദാംശം ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ/ ഗ്രാമവികസന കമ്മീഷണർ എന്നിവർ ധനവകുപ്പിനു നൽകണം. തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്, ജില്ല, അധികമായി ആവശ്യമുള്ള തുക എന്നിവയടക്കമുള്ള വിവരങ്ങളാണ് നൽകേണ്ടത്. ഇതിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് ധനവകുപ്പിന് നൽകണം. വിശദാംശങ്ങൾ സഹിതം അടുത്ത കോർഡിനേഷൻ കമ്മിറ്റിയിൽ വകുപ്പ മേധാവികളും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും റിപ്പോർട്ട് നൽകണം.

ഇതു കൂടാതെ താഴെപ്പറയുന്ന തീരുമാനം കൂടി 07.01.2021-ലെ യോഗത്തിൽ എടുത്തു.

തീരുമാനം :- ധനവകുപ്പിൽ നിന്ന് കോൺട്രാക്ടർ/ഗുണഭോക്താവിന് നൽകേണ്ട ബിൽ തുക അതത് ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടേയും മറ്റും ഇൻകം ടാക്സ്, വെൽഫയർ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ട വിഹിതം, GST തുടങ്ങിയവ അതത് നിർവഹണ ഉദ്യോഗസ്ഥൻ കുറവ് ചെയ്ത് അതത് ഓഫീസുകളിലേയ്ക്ക് അടയ്ക്കേണ്ടതുണ്ട്. എന്നാൽ ഇത് പലയിടത്തും ചെയ്തിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ/നിർവ്വഹണ ഉദ്യോഗസ്ഥർ ചെയ്യേണ്ട ഈ നടപടികൾ സംബന്ധിച്ച് നിർദ്ദേശം സർക്കുലർ ആയി തദ്ദേശസ്വയംഭരണ വകുപ്പ് നൽകണം. ഇതിന്റെ കരട് തയ്യാറാക്കി നൽകാൻ എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി. ഇതിനായി ധനവകുപ്പ്,ട്രഷറി ഡയറക്ടറേറ്റ്, ഇൻഫർമേഷൻ കേരള മിഷൻ, പഞ്ചായത്ത് ഡയക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണറേറ്റ്, NIC ഓഫീസ്, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസ്, എസ്.ആർ.ജി. കൺവീനർ എന്നിവർ യോഗം കൂടി സോഫ്റ്റ് വെയറുകളിൽ വരുത്തേണ്ട മാറ്റങ്ങൾ അടക്കം ചർച്ച ചെയ്ത് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിനു നൽകണം. യോഗം നടത്തുന്നതിനാവശ്യമായ ക്രമീകരണം തദ്ദേശസ്വയംഭരണ വകുപ്പ് ചെയ്യണം.

നടപടി :- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസന കമ്മീഷണർ
5) തദ്ദേശസ്വയഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ
6) കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

2.5(4.6) മാവേലിക്കര നഗരസഭ

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.09.2020-ലെ കത്ത് (SRG 721/20- CC/ 801/20).

പ്രോജക്ട് നം. 176/21 ***അടങ്കൽ 4,80,000/- രൂപ***
(വികസന ഫണ്ട് - ജനറൽ)

പേര് – മാവേലിക്കര നഗര സഭ വികസന രേഖ തയ്യാറാക്കൽ

മാവേലിക്കര നഗരസഭയുടെ നിലവിലെ ഭരണസമിതിയുടെ കാലയളവിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിനുള്ള ചെലവിലേയ്ക്ക് തനത് ഫണ്ട് ലഭ്യമല്ല. അതിനാൽ വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

സർക്കാർ ഉത്തരവു പ്രകാരമുള്ള 2.50 ലക്ഷം രൂപ തനതുഫണ്ടിനത്തിൽ കണ്ടെത്താൻ മുനിസിപ്പാലിറ്റിക്ക് കഴിയില്ല എന്ന് നഗരസഭ ചൂണ്ടിക്കാട്ടിയത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയ പ്രകാരം ഡയറക്ടർ റിപ്പോർട്ട് നൽകി.

2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ തനത് ഫണ്ടിലെ നീക്കിയിരിപ്പ് തുക 11,57,148/- രൂപയാണന്നും ആയതിൽ നിന്ന് 2.5 ലക്ഷം രൂപ ഡോക്യുമെന്റേഷന് വിനിയോഗിക്കുന്നത് നിലവിലെ സാഹചര്യത്തിൽ നഗരസഭയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നും റിപ്പോർട്ട് ചെയ്യ

തീരുമാനം:- നഗരസഭയുടെ ആവശ്യം നിരസിച്ചു. തനത് ഫണ്ടിൽ നിന്ന് നിലവിലെ ഉത്തരവ് പ്രകാരം അനുവദനീയ തുകയായ 2.50 ലക്ഷം രൂപ ചെലവഴിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

2.5(4.11) പട്ടിത്തറ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.09.20-ലെ കത്തും പട്ടിത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതി 09.03.20-ലെ 6(1) നമ്പർ തീരുമാനവും (SRG 725/20 – CC/821/20)

പട്ടിത്തറ ഗ്രാമപഞ്ചായത്തിലെ റേഷൻ കാർഡില്ലാത്ത താഴെപ്പറയുന്ന 6 കുടുംബം ലൈഫ് ഭൂണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. ഇവർക്ക് ആദ്യ ഗഡുവായി 40,000/- രൂപ നൽകി. എന്നാൽ വിശദ പരിശോധനയിൽ ഇവർക്ക് റേഷൻ കാർഡില്ലെന്ന് കണ്ടെത്തി. അതിനാൽ തുടർന്നുള്ള ഗഡുക്കൾ നൽകിയില്ല. ഇവർക്ക് ഇനിയുള്ള ഗഡുക്കൾ നൽകി വീടു നിർമ്മാണം പൂർത്തിയാക്കാൻ അനുമതി നൽകണമെന്നതു സംബന്ധച്ച്.

ഭൂണഭോക്താക്കൾ

1. ശ്രീമതി. നഫീസ W/o മുഹമ്മദ്, വെട്ടിത്തറയ്ക്കൽ
2. ശ്രീമതി. റജില W/o അയമു, കോട്ടയിൽ
3. ശ്രീമതി, സീനത്ത് W/o നവാസ്, ചാരിപടിക്കൽ
4. ശ്രീമതി. സെമീന W/o റഫീക്ക്, അപ്പനപ്പറമ്പിൽ
5. ശ്രീമതി. ഷീബ W/o പ്രസാദ്, ചീരക്കുഴിയിൽ
6. ശ്രീമതി. ഷമീറ W/o ജലീൽ, പ്ലാന്തോട്ട വളപ്പിൽ

തുടർന്നുള്ള ഗഡുക്കൾ നൽകണോ എന്നതു സംബന്ധിച്ച് പരിശോധിച്ച് ലൈഫ് ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകി.

ക്രമനമ്പർ 4 ആയുള്ള സമീന എന്ന ആൾ നിർവഹണ ഉദ്യോഗസ്ഥന്റെ പിശകുമൂലം രണ്ടാം ഘട്ടത്തിൽ ഒഴിവായതാണ്. ഇത് പരിഹരിച്ച് രണ്ടാം ഘട്ടത്തിൽ വീട് അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള അഞ്ചുപേരും കുടുംബ റേഷൻകാർഡിൽ പേരുള്ളവരും നിലവിൽ മാറി താമസിക്കുന്നവരുമാണ്. നിലവിലെ മാനദണ്ഡ പ്രകാരം ഇവർ ധനസഹായത്തിന് അർഹരല്ല എന്നാണ് റിപ്പോർട്ട്

തീരുമാനം :- ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അനുമതി നിരസിച്ചു. മാനദണ്ഡ പ്രകാരമല്ലാതെ തുക നൽകിയത് നിർവഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഉചിതമായ നടപടി സ്വീകരിക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

2.5(4.19) കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2020-ലെ കത്ത് (SRG 835/20 CC/903/20)

പ്രോ.നം. 38/20 ***അടങ്കൽ 11,00,000/- രൂപ***
(വികസന ഫണ്ട് - ജനറൽ)

പേര്:- കറവ പശുക്കൾക്ക് കാലിത്തീറ്റ (വനിത)

2019-20-ൽ " കറവ പശുക്കൾക്ക് കാലിത്തീറ്റ" എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. അടങ്കൽ 15,27,000/- രൂപ. 2020 മാർച്ചിൽ ഈ പ്രോജക്ട് ഭേദഗതി ചെയ്ത് 11.00 ലക്ഷം രൂപ അടങ്കലാക്കി വനിതാ ഘടക പദ്ധതിയിൽ നില നിർത്തിക്കൊണ്ട് ബാക്കി തുക കറവ പശുക്കൾക്ക് കാലിത്തീറ്റ (ജനറൽ) പ്രോജക്ടിലേയ്ക്ക് മാറ്റി. റിവിഷൻ നടത്തുന്നതിനു തൊട്ടു മുമ്പായി മുകളിൽ പറഞ്ഞ പ്രോജക്ടിൽ 1,97,587/- രൂപക്ക് റിക്വിസിഷൻ നൽകി തുക ട്രഷറിയിൽ നിന്നു ചെലവഴിച്ചു. തുടർന്നു പ്രോജക്ട് പൂർത്തിയാക്കിയ മുറയ്ക്ക് 11.00 ലക്ഷം രൂപയുടെ ബില്ലും മാറി. ആകെ ചെലവ് 12,97,587/- രൂപ. പ്രോജക്ട് റിവിഷൻ സമയത്ത് നൽകിയ റിക്വിസിഷൻ ക്യാൻസൽ ചെയ്യാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. ഈ പിശകു പരിഹരിച്ച് അധികമായി ചെലവഴിച്ച 1,97,587/-രൂപക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- സാങ്കേതികമായി സംഭവിച്ച ഈ പിഴവ് പരിഹരിച്ചു നൽകാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ.കെ.എം

2.5(4.20) ഏലവഞ്ചേരി ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.10.2020 തീയതിയിലെ കത്തുകൾ (4 എണ്ണം) (SRG 838/20 CC/842/20) SRG 837/20 CC/841/20, SRG 839/20 CC/843/20, SRG 836/20 CC/844/20)

(i) ***പ്രോ.നം.*** *63/21* ***അടങ്കൽ*** *2,50,000/-* ***രൂപ***
(CFC Tied Grant))

പേര്:- ചേപ്പലോട് കുടിവെള്ള പദ്ധതി

(ii) ***പ്രോ.നം.*** *59/21* ***അടങ്കൽ*** *4,90,000/-* ***രൂപ***
(CFC Tied Grant))

പേര്:- കൊടുവാൾപ്പാറ എലന്തി കൊളമ്പ് കുടിവെള്ള പദ്ധതി - പൈപ്പ് ലൈൻ നീട്ടൽ

(iii) ***പ്രോ.നം.*** *64/21* ***അടങ്കൽ*** *2,50,000/-* ***രൂപ***
(CFC Tied Grant))

പേര്:- പന്നിക്കോൽ കുടിവെള്ള പദ്ധതി

(iv) ***പ്രോ.നം. 114/21*** ***അടങ്കൽ 1,10,000/- രൂപ***
(Road Maintanance Grant)

പേര്:- വി.എഫ്.പി.സി.കെ മുൻവശം ഡ്രെയനേജ് നിർമ്മാണം

മുകളിൽ പറഞ്ഞ പ്രോജക്ടുകൾ 63/21, 59/21, 64/21 എന്നിവയ്ക്ക് സാങ്കേതികാനുമതി ലഭിച്ചത് 23.05.20 നും 114/21 എന്ന പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചത് 15.05.2020 നുമാണ്. ഈ സമയത്ത് പണി ആരംഭിച്ച് ഭാഗികമായി പൂർത്തിയാക്കിയിരുന്നു. ടെണ്ടർ നടത്തിയത് 27.05.20 നാണ്. 30.06.2020 നാണ് ഭരണസമിതി യോഗത്തിൽ ടെണ്ടർ അംഗീകാരത്തിന് സമർപ്പിച്ചത്. നടപടിക്രമങ്ങൾ പാലിക്കാതെ ചെയ്ത പ്രവൃത്തികൾക്ക് സാധൂകരണം നൽകാനും മെഷർമെന്റ് എടുത്ത് ബിൽ തുക നൽകാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയ പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

ഈ പ്രവർത്തികൾ പൂർത്തീകരിക്കാറായ ഘട്ടത്തിലാണ് ടെണ്ടർ ചെയ്തതെന്നും ഈ നടപടി തെറ്റാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

തീരുമാനം :- പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു. നടപടിക്രമം പാലിക്കാതെ പ്രവൃത്തികൾ ചെയ്ത ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

2.5(4.21) പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം

പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘം (PT - 214) **സെക്രട്ടറിയുടെ 13.10.2020-ലെ കത്ത്** (SRG 840/20)

പത്തനംതിട്ട ജില്ല കാർഷിക വിപണന സഹകരണ സംഘത്തിൽ കർഷകർക്ക് ശാസ്ത്രീയ കൃഷി രീതിയിൽ പരിശീലനം നൽകുകയും തൈകൾ, വിത്തിനങ്ങൾ, ജൈവ വളങ്ങൾ മറ്റ് കാർഷിക ഉല്പാദന ഉപാധികൾ എന്നിവ നിർമ്മിക്കുന്നുമുണ്ട്. ഇത്തരം ഉല്പന്നങ്ങൾ ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കാതെ ഈ സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഈ സംഘത്തെ സംബന്ധിച്ച് പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് വാങ്ങി നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ നൽകി.

സംസ്ഥാനത്തെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ലൈസൻസിന് അപേക്ഷിച്ച് അത് ലഭിക്കുന്ന മുറയ്ക്ക് സംഘത്തിന് മറ്റ് കാർഷികോത്പാദന ഉപാധികൾ വിപണനം നടത്താവുന്നതാണ്. ജനകീയാസൂത്രണ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈ സ്ഥാപനം വഴി വാങ്ങാൻ നടപടികൾ സ്വീകരിക്കാവുന്നതുമാണെന്നാണ് റിപ്പോർട്ട്.

തീരുമാനം :-പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം ആവശ്യം നിരസിച്ചു. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ലൈസൻസിനും അംഗീകാരത്തിനും നൽകാൻ നിർദ്ദേശിക്കുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്

2.5(4.25) **ഇടമലക്കുടി ഗ്രാമപഞ്ചായത്ത്**

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.10.2020-ലെ A1-685/15-ാം നമ്പർ കത്തും ദേവികുളം ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സ്ക്യൂട്ടീവ് എഞ്ചിനീയറുടെ 26.08.2020-ലെ DB 01/2020-ാം നമ്പർ കത്തും. ഉള്ളടക്കം ചെയ്തിരിക്കുന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങളും (SRG 841/20)

(i) ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മൂന്നാർ കോസ്റ്റ് ഇൻഡക്സ്, ഓവർ ഹെഡ് ചാർജ് എന്നിവ ഇടമലക്കുടിയിലെ പ്രവൃത്തികൾക്ക് അപര്യാപ്ത മാണ്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മരാമത്ത് പ്രവൃത്തികൾക്ക് 20 ശതമാനം അധിക കൺവയൻസ് ചാർജ്ജ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ അനുമതി നൽകണമെന്നത സംബന്ധിച്ച്.

ഇതിന് അനുമതി നൽകിഎന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ യോഗത്തിൽ അറിയിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

(iii) ഇടമലക്കുടി ഗ്രാമപഞ്ചായത്ത്, കൃഷി ഭവൻ, മൃഗാശുപത്രി, മറ്റ് അനുബന്ധ കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 1 ഹെക്ടർ വനഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നത സംബന്ധിച്ച്.

പഞ്ചായത്തിന്റെ ആവശ്യം വനം വകുപ്പുമായി ചർച്ച ചെയ്ത് ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

നടപടി: – തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

(iv) 11.04.2017-ലെ 1134/2017/തസ്വഭവ ഉത്തരവു പ്രകാരം പഞ്ചായത്ത് ഓഫീസ് ഉൾപ്പെടെയുള്ള എല്ലാ സർക്കാർ കെട്ടിടങ്ങളും പരമ്പരാഗത സാങ്കേതിക വിദ്യ അവലംബിച്ച് മുള, ചെളി എന്നിവ ഉപയോഗിച്ച് അംഗീകൃത ഏജൻസികളെ ക്കൊണ്ട് പണിയുന്നതിന് അനുമതി നൽകിക്കൊണ്ട് തീരുമാന മെടുത്തിരുന്നു. ഇതിനു പകരം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ചെയ്യുന്നതിന് അനുമതി നൽകണമെന്നത സംബന്ധിച്ച്.

ഇതിന്മേൽ റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

ഇടമലക്കുടിയിൽ കനത്ത മഴയും കാറ്റും ഉള്ളതിനാലും, പല പ്രദേശങ്ങളിലും വന്യമൃഗങ്ങളുടെ ശല്യം നേരിടുന്നതുകൊണ്ടും പരമ്പരാഗത രീതിയിലുള്ള നിർമ്മിതികൾ നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണവും സ്വാഭാവിക ഭൂഘടനയ്ക്ക് ദോഷം വരാതെ ആധുനിക രീതിയിലുള്ള നിർമ്മിതികൾക്ക് അനുമതി നൽകാവുന്നതാണ് എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി

തീരുമാനം:- ആധുനിക രീതിയിലുള്ള കെട്ടിടത്തിന് അനുമതി നൽകുന്ന തോടൊപ്പം ആധുനിക രീതിയിലുള്ള കെട്ടിടം നിർമ്മിക്കാൻ സാധിക്കാത്ത പ്രദേശങ്ങളിൽ പരമ്പരാഗതം/ അനുയോജ്യ മായ മറ്റ് രീതിയിലുള്ള കെട്ടിടവും നിർമ്മിക്കാൻ അനുമതി നൽകുന്നു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് –

2.5(4.35) വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.10.2020-ലെ A3-1526/15-ാം നമ്പർ കത്ത് (SRG 852/20)

2018-19 വർഷത്തെ താഴെപ്പറയുന്ന 3 പ്രോജക്ടുകൾ 2019-20ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഈ പ്രോജക്ടുകളുടെ മുഴുവൻ തുകയും കൊടുത്തു തീർന്നിട്ടില്ല. അബദ്ധവശാൽ ഇവ പൂർത്തീകരിച്ച പ്രോജക്ടുകളുടെ ലിസ്റ്റിൽ ആണ് ഉൾപ്പെട്ടിരിക്കുന്നത്. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

പ്രോനം	പേര്	അടങ്കൽ
1 194/20	OLP സ്കൂൾ റോഡ് കോൺക്രീറ്റിംഗ് (ഇനി നൽകാനുള്ള തുക 25,297/- രൂപ)	2,00,000/- രൂപ (തനത് ഫണ്ട്)
2. 146/19	കാട്ടിരിക്കുളം SC കുടിവെള്ള പദ്ധതി (ഇനി നൽകാനുള്ള തുക 2,31,816/-രൂപ)	3,00,000 (വികസന ഫണ്ട്
3. 282/19	മുത്തേടത്ത് പടി റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് (ഇനി നൽകാനുള്ള തുക 70,070/- രൂപ)	90,000/- രൂപ (CFC - 70, 000/- രൂപ തനത് ഫണ്ട് 20,000/രൂപ)

ഇത് ജില്ലാ പ്ലാനിംഗ് ഓഫീസർ കൂടി പരിശോധിച്ച് സൂപാർശ ചെയ്യുന്ന മുറയ്ക്ക് ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സ്റ്റിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താവുന്നതാണ് എന്ന് പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസർ സൂപാർശ ചെയ്തിട്ടുണ്ട്. അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് ഇതിന്മേൽ നടപടി സ്വീകരിക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2).എക്സ്റ്റിക്യൂട്ടീവ് ഡയറക്ടർ , ഐ.കെ.എം

3. പൊതു വിഷയങ്ങൾ

==========

3.1 ഈ വർഷത്തെ പദ്ധതി നിർവഹണം കാര്യക്ഷമമായി പൂർത്തിയാക്കേണ്ടതുണ്ട്. ഒപ്പം ഫെബ്രുവരി അവസാനത്തോടെ അടുത്ത വർഷത്തെ പദ്ധതി രൂപീകരണവും അംഗീകാര നടപടികളും പൂർത്തിയാക്കണം. ഇവ സയബന്ധിതമായി ചിട്ടയോടെ പൂർത്തിയാക്കുന്നതിന് ജില്ലാതലത്തിൽ അവലോകനം ചെയ്യാൻ ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറായി ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയേറ്റ്, (ജില്ലാ പ്ലാനിംഗ് ഓഫീസർ, ജില്ലാ ടൗൺ പ്ലാനർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർ) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), റീജിയണൽ ജോയിന്റെ ഡയറക്ടർ (നഗരകാര്യം) എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. എല്ലാ ആഴ്ചയിലും ഈ കമ്മിറ്റി യോഗം ചേർന്ന് അവലോകനം ചെയ്ത് റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ എന്നിവർക്കു നൽകണം. ഒപ്പം തന്നെ സംസ്ഥാന തലത്തിൽ വകുപ്പ മേധാവികൾ എല്ലാ ആഴ്ചയിലും ഇതു അവലോകനം ചെയ്യണം. ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് കോഓർഡിനേഷൻ കമ്മിറ്റിയിൽ വകുപ്പ മേധാവികളും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി. ഡിവിഷൻ ചീഫും നൽകണം

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

3.2 അടുത്ത വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപന തലത്തിലെ ആസൂത്രണസമിതികളും വിഷയ മേഖലാ വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. വിദഗ്ദ്ധരായവരെയും ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിയുന്നവരേയും കണ്ടെത്തുന്നതിന് ഭരണസമിതി പ്രത്യേക ഇടപെടൽ നടത്തണം. കാര്യശേഷിയും ഭരണസമിതിയെ സഹായിക്കാൻ കഴിയുന്നതുമായ ആസൂത്രണസമിതി രൂപീകരിക്കണം. 'കില' നൽകുന്ന പരിശീലനത്തിൽ ഇത് ഊന്നിപ്പറയുന്നതോടൊപ്പം വകുപ്പ് മേധാവികൾ അവലോകന മീറ്റിംഗുകളിൽ തദ്ദേശഭരണ സ്ഥപനങ്ങളെ അറിയിക്കുകയും ചെയ്യണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.3 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം പദ്ധതി ചെലവിനേക്കാൾ കുറവാണ്. എസ്.സി.പി. റ്റി.എസ്.പി.യുടെ പദ്ധതി ചെലവ്. ജില്ലാതലത്തിൽ എസ്.സി.പി, റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണം പ്രത്യേകമായി അവലോകനം ചെയ്യണം. പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ സംസ്ഥാനതലത്തിലും എസ്.സി.പി, റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവഹണം പ്രത്യേകമായ അവലോകനം ചെയ്യുകയും ആവശ്യമായ ഇടപെടൽ നടത്തുകയും വേണം. കോഓർഡിനേഷൻ കമ്മിറ്റിയിൽ എസ്.സി.പി., റ്റി.എസ്.പി പദ്ധതികളുടെ അവലോകനം കാര്യക്ഷമമാക്കുന്നതിന് പട്ടികജാതി വികസന ഡയറക്ടറും പട്ടിക വർഗ്ഗ വികസന ഡയറക്ടറും കൃത്യമായും പങ്കെടുക്കണം. ഒഴിവാക്കാൻ പറ്റാത്ത അവസരങ്ങളിൽ ഉയർന്ന ഉദ്യോഗസ്ഥരെ തന്നെ പ്രതിനിധികളായി അയയ്ക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
3) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

3.4 പദ്ധതി ചെലവിൽ പുറകിൽ നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളുടേയും ബ്ലോക്ക് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പദ്ധതി പുരോഗതി വകുപ്പ് മേധാവികൾ പ്രത്യേകമായി അവലോകനം ചെയ്യണം. ഇതിന്റെ അവലോകന റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്കു മുമ്പ് നൽകണം. കൂടാതെ പദ്ധതി ചെലവിൽ പുറകിൽ നിൽക്കുന്ന ജില്ലകളേയും പ്രത്യേകം അവലോകനം ചെയ്യണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ
3) നഗരകാര്യ ഡയറക്ടർ
4) ഗ്രാമവികസ കമ്മീഷണർ

3.5 നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണം തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയർ പ്രത്യേകം അവലോകനം ചെയ്യണം. സാങ്കേതികാനുമതിയുടെ കാലതാമസം ഒഴിവാക്കൽ, ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തൽ എന്നിവയിൽ പ്രത്യേകം ഇടപെടണം. പൂർത്തിയായ പ്രവൃത്തികളുടെ ബിൽ കാലതാമസം കൂടാതെ തയ്യാറാക്കി തുക മാറി നൽകണം. പാർട്ട് ബിൽ തയ്യാറാക്കി നൽകാൻ പ്രത്യേക നിർദ്ദേശം നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

3.6 ഇനി മുതൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടേയും നഗരസഭകളുടേയും പദ്ധതി ചെലവ് ജില്ലതിരിച്ച് പ്രത്യേകം അവലോകനം ചെയ്യാൻ തീരുമാനിച്ചു. വികസനഫണ്ട് ജനറൽ, എസ്.സി.പി, റ്റി.എസ്.പി.യും പ്രത്യേകമായി അവലോകനം ചെയ്യണം. അതിനാവശ്യമായ വിവരങ്ങൾ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ മുൻകൂട്ടി തന്നെ എസ്.ആർ.ജി.യ്ക്ക് നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

3.7 മഹാ പ്രളയത്തിൽ നഷ്ടപ്പെട്ട ജീവനോപാധികൾ പുനഃസൃഷ്ടിക്കുന്നതിനും മറ്റുമായി 2019-20-ൽ 250 കോടി രൂപ പ്രത്യേകമായി അർഹതപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. ഈ തുക കഴിഞ്ഞ വർഷം അവസാനത്തോടെയാണ് നൽകിയത്. അതിനാൽ പല തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഈ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഈ തുക ഉപയോഗിച്ച് തയ്യാറാക്കിയ പ്രോജക്ടുകൾ ഈ വർഷം (2020-21 വർഷം) സ്പിൽഓവറായി തുടരാൻ അനുമതി നൽകിയിരുന്നു.

ഈ തുക ഉപയോഗിച്ചുകൊണ്ട് പ്രോജക്ടുകളുടെ ബിൽ തുക ഇപ്പോൾ ഈ വർഷം ബഡ്ജറ്റിലെ അനുബന്ധം IV പ്രകാരം അനുവദിച്ച തുകയിൽ നിന്നാണ് നൽകുന്നത്. മഹാ പ്രളയവുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം അനുവദിച്ചതിൽ ചെലവഴിക്കപ്പെടാത്തതും ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുള്ളതുമായ പ്രോജക്ടിന്റെ തുക അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) ധനവകുപ്പ്

3.8 കെ.എസ്.ഇ.ബി.യുടേയും കിഫ്ബിയുടേയും സഹായത്തോടെ പഴയ തെരുവു വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്ന നിലാവ് എന്ന പദ്ധതി എല്ലാ ഗ്രാമപഞ്ചായത്ത് നഗരസഭാ പ്രദേശത്തും നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവ് പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അടിയന്തിര നടപടി സ്വീകരിക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്

3.9 ജില്ലാ ആസൂത്രണസമിതി യോഗത്തിൽ പങ്കെടുക്കുന്ന ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് സിറ്റിംഗ് ഫീയും യാത്രാബത്തയും (യഥാക്രമം 400 രൂപയും 600 രൂപയും) ചേർത്ത് ആകെ 1000 രൂപയാണ് നൽകുന്നത്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യോഗങ്ങൾ കൂടുന്നത് ഓൺ ലൈൻ ആയാണ്. യോഗത്തിൽ അംഗങ്ങൾ ഓൺ ലൈനായാണ് പങ്കെടുക്കുന്നതെങ്കിലും 1000/- രൂപ നൽകാവുന്നതാണ്.

നടപടി:- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

3.10 ജലജീവൻ മിഷൻ പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഉൾക്കൊള്ളിക്കേണ്ട വിഹിതം കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഫണ്ട് വിഹിതത്തിൽ നിന്നുപയോഗിക്കാൻ കഴിയുമോ എന്നു പരിശോധിക്കാൻ അഡിഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.11 തൊഴിൽ സംരംഭങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കുന്ന സമീപനം തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം. അത്തരം സംരംഭങ്ങൾക്ക് ധനസഹായം ലഭ്യമാകുന്ന

തോടൊപ്പം ലൈസൻസ്, മറ്റ സൗകര്യങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നതിൽ പഞ്ചായത്ത് സെക്രട്ടറിയും ഭരണസമിതിയും താല്പര്യം കാണിക്കണം

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.12 നഗരസഭകളിലടക്കം ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ റ്റി.എസ്.പി. വിഹിതം ചെലവഴിക്കാൻ ബുദ്ധിമുട്ടുണ്ട് എന്ന് യോഗം വിലയിരുത്തി. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമ പരിപാടികൾക്ക് പരമ്പരാഗത പ്രോജക്ടുകൾ തയ്യാറാക്കു ന്നതിന് പകരം അവരുടെ ദൈനംദിന പ്രശ്നങ്ങൾ പഠിച്ച് അതു പരിഹരിക്കാൻ സഹായകരമായ നൂതന പ്രോജക്ടുകൾക്കും രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്ന പ്രോജക്ടുകൾക്കും മുൻഗണ നൽകാൻ തദ്ദേശഭരണ സ്ഥാപന ങ്ങൾ ശ്രദ്ധിക്കണം. ഇത്തരം മാതൃക മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരി ക്കണം. ഇതനുസരിച്ചുള്ള മാതൃകാ പ്രോജക്ട് ആശയങ്ങൾ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ വികസന ഡയറക്ടർ നൽണം. ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പട്ടികവർഗ്ഗ ഡയറക്ടർ നൽകണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്
2) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്

3.13 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെ കലാ മേഖലയിലടക്കമുള്ള നൈപുണ്യം പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ എടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

3.14 കോർപ്പറേഷൻ മേയർമാരുടെ യോഗം ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ തീരുമാനിച്ചു.

നടപടി:- 1) തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്

4. പ്രത്യേക വിഷയങ്ങൾ

==========

4.1 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.11.2020-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 06.11.2020-ലെ PL.4463/16-ാം നമ്പർ കത്തും (SRG 913/20 CC/1023/20)

പ്രോ.നം. 527/21 ***അടങ്കൽ 40,00,000/- രൂപ***
(വികസന ഫണ്ട് - ജനറൽ)

പേര്- അംഗപരിമിതർക്ക് മുച്ചക്ര വാഹനം നൽകൽ

2019-20-ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നു. ഇതേപോലെ 30.00 ലക്ഷം രൂപ അടങ്കൽ ഉള്ള (പ്രോ.നം.530/21) ഒരു പ്രോജക്ടും അംഗപരിമിതർക്ക് മുച്ചക്ര വാഹനം വാങ്ങുന്നതിന് ഈ വർഷം സ്പിൽ ഓവറായി ഉണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ ടെണ്ടർ ചെയ്തപ്പോൾ BS-IV നിലവാരമുള്ള വാഹനത്തിനാണ് വാഹനം വിൽക്കുന്ന സ്ഥാപനങ്ങൾ ക്വാട്ട് ചെയ്തത്. 2020 മാർച്ചിനു ശേഷം BS-IV വാഹനം രജിസ്റ്റർ ചെയ്യാൻ നിയമപരമായി തടസ്സം ഉള്ളതിനാൽ BS-VI വാഹനത്തിനായി റീ-ടെണ്ടർ ചെയ്തു. എന്നാൽ ഇതിനായി പത്രപരസ്യം നൽകിയിരുന്നില്ല. ടെണ്ടർ സമർപ്പിച്ച 4 സ്ഥാപനങ്ങളിൽ

നിന്ന് Rajavalsam Motors Pvt Limited, Alappuzha എന്ന കമ്പനി നൽകിയ ടെണ്ടർ ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയ്ക്ക് വിധേയമായി ജില്ലാ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. വർക്ക് ഓർഡർ നൽകുമ്പോൾ അടയ്ക്കേണ്ട സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരൻ നൽകിയിരുന്നില്ല. ഇപ്പോൾ കരാറുകാരൻ സെക്യൂരിറ്റി ഡെപ്പോസിറ്റ് നൽകാൻ തയ്യാറാണ്. പത്രപ്പരസ്യം നൽകാത്ത നടപടിക്ക് അംഗീകാരം നൽകണമെന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിച്ച് പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും സംബന്ധിച്ച്.

തീരുമാനം :- പത്രപരസ്യമടക്കമുള്ള നടപടിക്രമങ്ങൾ പാലിച്ച് വീണ്ടും ടെണ്ടർ ചെയ്യാൻ നിർദ്ദേശിക്കുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.2 മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2020-ലെ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 07.09.2020-ലെ 1(3)-ാം നമ്പർ തീരുമാനവും

(SRG -908/20, - CC/967/20)

പ്രോ.നം. 239/21 ***അടങ്കൽ 5,75,000/- രൂപ***

(CFC Tied Fund)

പേര്:- പൊതു കുടിവെള്ള വിതരണ സംവിധാനം - ഗുണനിലവാരം മെച്ചപ്പെടുത്തൽ അറ്റകുറ്റപ്പണി

തീരദേശ പ്രദേശമായതിനാൽ പഞ്ചായത്തിലെ പൊതു ടാപ്പുകളിലെ വെള്ളം ഉപ്പ് രസം ഉള്ളതാണ്. ശുദ്ധജലത്തിന് RO പ്ലാന്റുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ആകെയുള്ള 6 RO പ്ലാന്റുകളിൽ 3 എണ്ണം കേരള വാട്ടർ അതോറിട്ടിയുടെ ഉടമസ്ഥതയിലുള്ളതാണ്. ഇവ അറ്റകുറ്റപ്പണി നടത്താത്തതിനാൽ പ്രവർത്തനക്ഷമമല്ല. ഇത് അറ്റകുറ്റപ്പണി നടത്താൻ കേരള വാട്ടർ അതോറിറ്റി 5,30,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ഇതിന്റെ അറ്റകുറ്റപ്പണി നടത്താനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നും സംബന്ധിച്ച്.

തീരുമാനം :- കേരള വാട്ടർ അതോറിട്ടി എം.ഡി.യെ യോഗത്തിലേയ്ക്ക് ക്ഷണിച്ചിരുന്നുവെങ്കിലും ഹാജരായില്ല. അതിനാൽ പരിഗണിച്ചില്ല. പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലേയ്ക്ക് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറെ വീണ്ടും ക്ഷണിക്കാൻ തീരുമാനിച്ചു.

നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2) മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

4.3 പെരുമ്പളം ഗ്രാമപഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.11.2020-ലെ കത്തും പെരുമ്പളം ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 08.07.2020-ലെ 1(4)-ാം നമ്പർ തീരുമാനവും

(SRG - 909/20 - CC /1017/20)

പ്രോ.നം. 5/21 *അടങ്കൽ - 51,14,700/- രൂപ*
(മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) -
16,14,700/- രൂപ
ജില്ലാ പഞ്ചായത്ത് വിഹിതം - 25,00,000/- രൂപ
ബ്ലോക്ക് വിഹിതം - 10,00,000/- രൂപ)

പേര്:- വാത്തിക്കാട് - പൂന്തോട്ട ജങ്കാർ സർവ്വീസ്

വെള്ളത്താൽ ചുറ്റപ്പെട്ട പഞ്ചായത്തിന് രണ്ട് ജങ്കാർ സർവ്വീസുകളാണ് ഉള്ളത്. പെരുങ്കുളം - പാണാവള്ളി ജങ്കാർ സർവ്വീസിനായി ഒരു ജങ്കാർ MLASDF ൽ നിന്നനുവദിച്ചു. വാത്തിക്കാട് - പൂന്തോട്ട ജങ്കാർ സർവ്വീസിനായി ജങ്കാർ വാടകയ്ക്കെടുത്താണ് ഉപയോഗിക്കുന്നത്. ഇതിന്റെ ആവശ്യത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി നോൺറോഡ് മെയിന്റനൻസ് ഗ്രാന്റാണ് വച്ചിരിക്കുന്നത്. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഒരു ദിവസത്തേയ്ക്ക് 14,000 രൂപയാണ് വാടക എന്ന് യോഗം വിലയിരുത്തി. ഇത് വളരെ കൂടുതലാണെന്ന് യോഗം നിരീക്ഷിച്ചു. ജങ്കാർ സർവ്വീസിൽ നിന്ന് ഒരു മാസം ലഭിക്കുന്ന വരവ്, ചെലവ്, അധികമായി ഒരു മാസം പഞ്ചായത്ത് കണ്ടെത്തേണ്ട തുക എത്ര? എന്നീ വിശദാംശം സഹിതം നൽകണം. ഇതിന്റെ വിശദാംശം പഞ്ചായത്തിൽ നിന്ന് വാങ്ങി നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി- 1) തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.ബി) വകുപ്പ്
2) പഞ്ചായത്ത് ഡയറക്ടർ

4.4 **ഇടുക്കി ജില്ല** SC/ST **ലേബർ കോൺട്രാക്ട് സഹകരണ സംഘം നം. ഐ.412**
ഇടുക്കി ജില്ലാ ലേബർ കോൺട്രാക്ട് സഹകരണ സംഘം പ്രസിഡന്റിന്റെ 03.09.2020-ലെ കത്തും ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.12.2020-ലെ A5-1750/20/(1) **നമ്പർ കത്തും** (SRG 912 /20, mo No -4684767/2020/m/തസ്വഭവ)

2019-20-ൽ പട്ടികവിഭാഗത്തിന് ഒരു ക്രിമിറ്റോറിയത്തിന് 10.00 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. അതിന് വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അംഗീകാരം നൽകിയില്ല. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 1) വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നിരസിച്ചതിനാൽ ഈ പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് യോഗം പരിശോധിച്ചു.

2) ഈ പ്രോജക്ട് പുതുതായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റും മുകളിൽ പറഞ്ഞ സഹകരണ സംഘം സെക്രട്ടറിയുമായി ചർച്ച ചെയ്യാൻ ജില്ലാ പ്ലാനിംഗ് ഓഫീസറെ

ചുമതലപ്പെടുത്തി. ജില്ലാ പഞ്ചായത്ത് ഈ പ്രോജക്ട് പുതിയതായി ഉൾപ്പെടുത്തുന്നുണ്ട് എങ്കിൽ വിശദാംശം സഹിതം അനുമതിക്കായി വീണ്ടും സമർപ്പിക്കാവുന്നതാണ്.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി

4.5 ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2020-ലെ കത്തും ആര്യാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 28.10.2020-ലെ E1395/20-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.08.2020-ൽ കൂടിയ യോഗത്തിന്റെ മിനിട്സും (ഖണ്ഡിക 4.53) (SRG/907/20- CC/1001/20).

പ്രോജക്ട് നം. 97/21 ***അടങ്കൽ 21,19,488/- രൂപ***
(CFC Basic Grant)

പേര് – സ്നേഹ ആര്യാട് - വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

ബ്ലോക്കിന്റെ വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് 12.08.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിച്ചിരുന്നു. 'നിലാവ്' പരിപാടിയുടെ ഭാഗമായി എൽ.ഇ.ഡി. സ്ഥാപിക്കാൻ സർക്കാർ പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു കൂടി പരിഗണിച്ച് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സഹിതം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചിരുന്നു. മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്, ആര്യാട് ഗ്രാമപഞ്ചായത്ത്, മാരാരിക്കുളം തെക്ക് എന്നീ ഗ്രാമപഞ്ചായത്തുകൾ ഭാവിയിൽ ഇതിന്റെ ആവർത്തനചെലവ് വഹിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ആവർത്തന ചെലവ് വഹിക്കാമെന്ന് ഭരണസമിതി തീരുമാനമെടുത്ത ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിക്കാൻ അനുമതി നൽകുന്നു. ഇതിൽ ഉപയോഗിക്കുന്നത് എൽ.ഇ.ഡി. ലാമ്പ് ആകണമെന്ന് നിർദ്ദേശിക്കുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

4.6 കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്

14.12.2020-ലെ 275/FM1/2020/ തസ്വഭവ നമ്പർ കത്തും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 23.09.2020-ലെ 1373/A5/2020/KSBC നമ്പർ കത്തും (SRG 928/ 20).

(i) ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഇതിനകം തയ്യാറാക്കിയിട്ടുള്ള ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ (PBR) അപ്ഡേഷൻ, ഡിജിറ്റലൈസേഷൻ (EPBR), ജൈവ ആവാസ വ്യവസ്ഥകളുടെ സംരക്ഷണം, ജൈവ വിഭവങ്ങളുടെ സുസ്ഥിരോപയോഗം എന്നിവയ്ക്ക് CFC അൺടൈഡ് ഗ്രാന്റ് ഉപയോഗിക്കാവുന്ന

താണെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നഇ സംബന്ധിച്ച്.

തീരുമാനം:- നിലവിലെ മാർഗ്ഗരേഖ പ്രകാരം ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള അനുവദനീയമായ പ്രവർത്തന ങ്ങൾക്ക് CFC അൺടൈഡ് ഫണ്ടുപയോഗിക്കാവുന്ന താണെന്ന് നിർദ്ദേശിക്കുന്നു.

(ii) മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ കോഓർഡിനേറ്റ് ചെയ്യുന്നതിന് ഓണറേറിയം വ്യവസ്ഥയിൽ തനത്/ വികസന ഫണ്ട് ഉപയോഗിച്ച് ഒരു പ്രോജക്ട് ഫെലോയെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നഇ സംബന്ധിച്ച്

തീരുമാനം :- അനുമതി നിരസിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പ്, ആസൂത്രണ സമിതി അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ മുഖേന ഈ പ്രവർത്തനങ്ങൾ ചെയ്യാൻ നിർദ്ദേശിക്കുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

4.7 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2020-ലെ കത്തും ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 04.11.2020-ലെ 8(1)-ാം നമ്പർ തീരുമാനവും (SRG 926/20 – CC/1027/20)

2010-11-ൽ ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം 325 പേരെ തെരഞ്ഞെടുത്തിരുന്നു. ജനറൽ, പട്ടികജാതി, ഗുണഭോക്താക്കൾക്ക് 75,000/- രൂപയും പട്ടികവർഗ്ഗ വിഭാഗ ക്കാർക്ക് 1,25,000/- രൂപയുമായിരുന്നു നിരക്ക്. 27.02.2012-ലെ 52/2012-ാം നമ്പർ ഉത്തരവ് പ്രകാരം ഇത് 2.00 ലക്ഷം രൂപ, 2.50 ലക്ഷം രൂപ എന്നീ ക്രമത്തിൽ വർദ്ധിപ്പിച്ചു. ഇ.എം.എസ് ഭവന പദ്ധതിയിലെ ഈ നിരക്ക് തങ്ങൾക്കും ബാധക മാക്കണമെന്ന് 25 ഗുണഭോക്താക്കൾ ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു. ആറാഴ്ചയ്ക്കുള്ളിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാൻ ബഹു. ഹൈക്കോടതി ഉത്തരവായി. ഇതനുസരിച്ച് 25 ഗുണഭോക്താക്കൾക്ക് പുതിയ നിരക്കു പ്രകാരം സഹായം നൽകാൻ 27,47,500/- രൂപ വേണം. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ ചെലവഴിക്കാത്ത ഐ.എ.വൈ തുകയിൽ നിന്നു ഇതു നൽകാൻ അനുമതി നൽകണമെന്നഇ സംബന്ധിച്ച്.

തീരുമാനം :- നിരക്ക് വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന നിബന്ധന യോടെ ധനസഹായം നൽകുന്നതിന് ഈ തുക ഉപയോഗിക്കാൻ അനുമതി നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

4.8 **മുട്ടം ഗ്രാമപഞ്ചായത്ത്**

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2020-ലെ കത്തും മുട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.10.20-ലെ B1-2503/19-ാം **നമ്പർ കത്തും ((SRG** 927**/20 –** CC/1031**/20)**

പ്രോ.നം. 89/21 ***അടങ്കൽ 82,000/- രൂപ***

(വികസന ഫണ്ട്-ജനറൽ)

പേര്:- പഞ്ചായത്ത് ഓഫീസ് ടോയിലറ്റ് നിർമ്മാണം പൂർത്തികരണം

2019-20-ൽ പഞ്ചായത്ത് ഓഫീസ് പുനരുദ്ധാരണ പ്രവർത്തികൾ നടത്തി. (പ്രോ.നം.162/20, അടങ്കൽ 4,50,000/-) രൂപ. തുക കുറവായതിനാൽ ഓഫീസ് കെട്ടിടത്തിൽ പൊതുജനങ്ങൾക്കായി ഒരു ടോയിലറ്റ് മാത്രമാണ് നിർമ്മിച്ചത്. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ടോയിലറ്റ് വേണമെന്നതിനാൽ പ്രോജക്ട് തയ്യാറാക്കാതെ ഒരു ടോയിലറ്റ് കൂടി നിർമ്മിച്ചു. ഇതിന്റെ തുക നൽകുന്നതിനായി ഈ വർഷം പ്രോജക്ട് വച്ചിരിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 1) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുക നൽകാൻ അനുമതി നൽകുന്നു.

2) മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടികൾ കൂടാതെ നിർമ്മാണം നടത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോട് വിശദീകരണം ആരായാൻ നിർദ്ദേശിക്കുന്നു

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

2) ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണ വകുപ്പ്

4.9 **ചോറോട് ഗ്രാമപഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2020-ലെ കത്തും ചോറോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.09.2020-ലെ 106/20-ാം നമ്പർ തീരുമാനവും (SRG 936**/20 –** CC/955**/20)**

പഞ്ചായത്തിലെ തീരദേശ വാർഡുകളായ 17,18, വാർഡുകളെ കൊവിഡ് വ്യാപനത്തിന്റെ പേരിൽ ക്രിട്ടിക്കൽ കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ചിരുന്നു. ഇവിടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 750 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. ഇതിന് ആകെ ചെലവ് 3,86,250/- രൂപയാണ്. സംഭാവനയായി ലഭിച്ചത് 29,500/- രൂപയാണ്. ബാക്കി തുക പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകണമന്നതു സംബന്ധിച്ച്.

തീരുമാനം :- ഇങ്ങനെ കിറ്റ് നൽകുന്നതിന്റെ ചെലവ് സംഭാവനയിലൂടെയും മറ്റുമാണ് കണ്ടെത്തേണ്ടത്. 750 പേരെ ഭൂണഭോക്താക്കളായി കണ്ടെത്തിയതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കണം. കിറ്റ് വിതരണം സംബന്ധിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

2) പഞ്ചായത്ത് ഡയറക്ടർ

4.10 എറണാകുളം ജില്ലാ പഞ്ചായത്ത്

എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.12.2020-ലെ കത്തും അനുബന്ധ രേഖകളും SRG-937 /20 – CC/1028/20)

പ്രോ.നം. 581/21 *അടങ്കൽ 60,90,000- രൂപ*

(വികസന ഫണ്ട് ജനറൽ)

പേര്:- വിദ്യാലയങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ

സ്കൂൾ കോമ്പൗണ്ടിലും പരിസരത്തും മദ്യം, മയക്കു മരുന്നുകളുടെ ഉപയോഗം, സാമൂഹ്യ വിരുദ്ധരുടെ ശല്യം എന്നിവയെ പ്രതിരോധിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പ വരുത്തുന്നതിനും സ്കൂളുകളിൽ CCTV ക്യാമറ സ്ഥാപിക്കാനുമുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- തൽക്കാലം അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു. പുതിയ ഭരണസമിതി ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഇതിന്മേലുള്ള ഡി.പി.ഐ.യുടെ റിപ്പോർട്ട് സഹിതം കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകണം.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.11ആലംകോട് ഗ്രാമപഞ്ചായത്ത്

മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.02.2020-ലെ കത്തും ആലംകോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 26.02.2019-ലെ 2(9)-ാം നമ്പർ ഭരണസമിതി തീരുമാനം SRG-857 /20 – CC/289/20)

പ്രോ.നം. 37/2019 *അടങ്കൽ 2,30,000/-- രൂപ*

(വികസന ഫണ്ട് ജനറൽ)

പേര്:- പാടശേഖര സമിതികൾക്ക് പമ്പ് സെറ്റും പെട്ടിയും പറയും

പാടശേഖര സമിതികൾക്ക് പമ്പ്സെറ്റും പെട്ടിയും പറയും എന്ന ഈ പ്രോജക്ടിന്റെ ഭാഗമായി പഞ്ചായത്തിൽ എറവാറം കുന്ന് - കിഴിക്കര - പള്ളിക്കുന്ന് സംയുക്ത പാടശേഖര സമിതിക്ക് 10 HPയുടേയും 5 HP യുടേയും പമ്പ്സെറ്റ് വിതരണം ചെയ്തു. ആകെ 2,27,300/- രൂപ ചെലവായി. മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തിനാണ് ഈ പ്രോജക്ട് ഏറ്റെടുക്കാവുന്നത്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഈ പ്രോജക്ടിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച് .

തീരുമാനം :- സാധൂകരണം നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.12 പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത്

പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 08.05.2018-ലെ A1 - 3086/2018-ാം നമ്പർ കത്ത് (SRG-943 /20 –LSGD - FM2/174/2018/LSGD)

പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിൽ കിളിമാന്തൂർ മാർക്കറ്റിൽ 2009 മുതൽ ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. ബയോടെക് മുഖേനയാണ് ഇതിന്റെ നടത്തിപ്പ്. എന്നാൽ ബയോടെക്കിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ അവരുമായുള്ള കരാർ പുതുക്കിയില്ല. ഇപ്പോൾ പഞ്ചായത്ത് നേരിട്ട് ഒരാളെ നിയമിച്ച് പ്ലാന്റ് പ്രവർത്തിപ്പിക്കുകയാണ്. ഇതിന് 200 രൂപയാണ് ദിവസ വേതനമായി നൽകുന്നത്.

ഇയാൾക്ക് 2018 ജനുവരി മുതലുള്ള വേതനം നൽകിയിട്ടില്ല. പഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് 2017-ലെ വേതനം തനത് ഫണ്ടിൽ നിന്നു നൽകാൻ 28.12.2016ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകി. പിന്നീടുള്ള വേതനം യൂസർ ഫീയിൽ നിന്നും നൽകാനായിരുന്നു നിർദ്ദേശം. തുടർന്നുള്ള വേതനം തനത് ഫണ്ടിൽ നിന്ന് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 2018,2019 വർഷങ്ങളിലെ വേതനം നൽകാനുണ്ടെന്നും കഴിഞ്ഞ 6 മാസമായി പ്ലാന്റ് പ്രവർത്തനക്ഷമമല്ല എന്നും യോഗം വിലയിരുത്തി. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വ മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

4.13 അഞ്ചൽ ഗ്രാമപഞ്ചായത്ത്

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2020-ലെ കത്ത് (SRG-938 /20 –LSGD CC - 1088/20)

പ്രോ.നം. 52/2021 ***അടങ്കൽ 10,00,000/-- രൂപ***
(CFC - Tied Grant)

പേര്:- മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് മാലിന്യം എത്തിക്കുന്നതിന് വാഹനം വാങ്ങൽ

അഞ്ചൽ ഗ്രാമപഞ്ചായത്ത് മാർക്കറ്റ് വാർഡിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ കേന്ദ്രത്തിലേയ്ക്ക് മാലിന്യം എത്തിക്കുന്നതിന് വാഹനം വാങ്ങാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച് .

തീരുമാനം :- മാലിന്യം കൊണ്ടു പോകുന്നതിന് പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനമാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഈ വാഹനം മറ്റ് ആവശ്യത്തിന് ഉപയോഗിക്കാൻ പാടില്ല. ഈ നിബന്ധനകളോടെ അനുമതി നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.14 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.11.2020-ലെ കത്തും ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 06.11.2020-ലെ PL - 4463/16-ാം **നമ്പർ കത്തും 19.10.2020-ന് നടന്ന സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയുടെ മിനിട്സും (SRG-914 /20 –CC -** 1024**/20)**

പ്രോ.നം. 50/2021 ***അടങ്കൽ 10,00,000/-- രൂപ***
(വികസന ഫണ്ട് - ജനറൽ)

പേര്:- കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഉല്പാദന യൂണിറ്റിന് റിവോൾവിംഗ് ഫണ്ട്

കരപ്പുറം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ വെളിച്ചെണ്ണ ഉല്പാദന യൂണിറ്റിന് റിവോൾവിംഗ് ഫണ്ട് നൽകുന്ന പ്രോജക്ടിന് വെറ്റിംഗ് ഓഫീസറും സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റിയും അനുമതി നൽകിയില്ല. കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക അനുമതി നൽകണമെന്നഭ സംബന്ധിച്ച്.

തീരുമാനം :- 1) ഈ യൂണിറ്റിന്റെ പുനരുദ്ധാരണ പാക്കേജ് എന്ന നിലയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതെന്ന് അപ്പലേറ്റ് കമ്മിറ്റി അറിയിച്ചിരുന്നു. അതിന്റെ വിശദമായ പദ്ധതി പ്രൊപ്പോസൽ തയ്യാറാക്കി കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാനാണ് അപ്പലേറ്റ് കമ്മിറ്റി നിർദ്ദേശിച്ചിരുന്നത്. കമ്പനി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും അത് പഞ്ചായത്തിന്റെ സുലേഖ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) ഇത് വിശദമായി പ്രോജക്ടിൽ ഉൾപ്പെടുത്തി കമ്പനിയുടെ പെർഫോർമൻസ് റിപ്പോർട്ട് (ഓഡിറ്റ് റിപ്പോർട്ട്) സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. ഇവ ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.15 വഴിക്കടവ് ഗ്രാമപഞ്ചായത്ത്

വഴിക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30.10.2020-ലെ കത്ത് (SRG 9/21)

പ്രോ.നം. 266/19 *അടങ്കൽ 5,00,000/- രൂപ*

(തനത് ഫണ്ട്)

പേര്:- വെണ്ടേക്കുംപൊട്ടി GLPSന് വാഹനം വാങ്ങൽ

വെണ്ടേക്കുംപൊട്ടി **GLPS**-ന് 2018-19-ൽ പ്രോജക്ട് തയ്യാറാക്കി വാഹനം വാങ്ങി . സമീപത്തുള്ള പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ കുട്ടികൾ ഇവിടെയാണ് പഠിക്കുന്നത്. വാഹനം വാങ്ങിയതിന് സാധൂകരണം നൽകണമെന്നഭ സംബന്ധിച്ച് .

തീരുമാനം :- ആവർത്തനചെലവ് PTA വഹിക്കണമെന്ന നിബന്ധനയോടെ സാധൂകരണം നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.16 ചെങ്ങന്നൂർ മുനിസിപ്പാലിറ്റി

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.12.2020-ലെ കത്ത് SRG 944/20 - CC/1050/20)

പ്രോ.നം. 151/20 *അടങ്കൽ 8,00,000/- രൂപ*

(CFC - Tied Grant)

പേര്:- വരൾച്ച - ദുരിതാശ്വാസം - കുടിവെള്ള വിതരണം.

01.04.2020 മുതൽ 31.05.2020 വരെ നഗരസഭാ പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യുതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി നൽകണമെന്നഭ സംബന്ധിച്ച് .

തീരുമാനം :- അനുമതി നിരസിച്ചു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

4.17 കാസറഗോഡ് ജില്ലാ പഞ്ചായത്ത്

കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.10.2020-ലെ കത്തും കാസറഗോഡ് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 29.09.2020-ലെ 33(30)/20-ാം നമ്പർ തീരുമാനവും SRG 861/ 20 - CC/925/20)

പ്രോ.നം. 157/20 (ബഹു വർഷം) ***അടങ്കൽ 1,70,00,000/- രൂപ***

(വികസനഫണ്ട് - ജനറൽ)

പേര്:- പീലിക്കോട് ഫാം പടന്ന റോഡ് മെക്കാഡം ടാറിംഗ്

2019-20-ൽ തയ്യാറാക്കിയ ഈ പ്രോജക്ടിൽ ആദ്യവർഷം 15.00 ലക്ഷം രൂപയും ശേഷിക്കുന്ന വിഹിതം ബഹു വർഷമായുമാണ് വകയിരുത്തിയിരിക്കുന്നത്. ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ടിന്റെ വെറ്റിംഗ് നടപടി പൂർത്തിയായിലെങ്കിലും സാങ്കേതികാനുമതി ലഭിച്ചിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തു. എന്നാൽ കരാറുടമ്പടി വച്ചിട്ടില്ല. ഈ വർഷം പ്രോജക്ട് ഉൾപ്പെടുത്താൻ വിട്ടുപോയി. സാങ്കേതികാനുമതിയോടെ ടെണ്ടർ ചെയ്തതിനാൽ പുതിയ പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനു പകരം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി നൽകണമെന്നഭ സംബന്ധിച്ച് .

തീരുമാനം :- നാമമാത്രമായ തുക (15.00 ലക്ഷം) 2019-20-ൽ വച്ചിട്ട് 1.55 കോടി രൂപ ബഹു. വർഷമായി ഉൾപ്പെടുത്തിയ പ്രോജക്ടാണ് ഇത് എന്ന് യോഗം വിലയിരുത്തി. ഈ വർഷം ഈ പ്രോജക്ട് തുടരേണ്ടതുണ്ടോ എന്ന് പുതിയ ഭരണസമിതി തീരുമാനമെടുക്കണമെന്ന് നിർദ്ദേശിക്കുന്നു. പുതിയ ഭരണസമിതിയുടെ തീരുമാനം ഉൾക്കൊള്ളിച്ച് ആവശ്യമെങ്കിൽ വീണ്ടും നൽകണം

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.18 ജില്ലാ ആസൂത്രണ സമിതി

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.20-ലെ കത്ത് 1/20/DPO/DPC/ALP നമ്പർ കത്ത് SRG 10/21)

ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾക്ക് സിറ്റിംഗ്ഫീയും യാത്രാബത്തയും ചേർത്ത് ആകെ 1000/- രൂപയാണ് നൽകുന്നത്. കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ യോഗങ്ങൾ കൂടുന്നത് ഓൺലൈൻ ആയാണ്. ഓൺ ലൈൻ ആയി പങ്കെടുക്കുന്ന അംഗങ്ങൾക്ക് സിറ്റിംഗ് ഫീയും യാത്രാബത്തയും നൽകാമോ എന്നു സ്പഷ്ടീകരണം നൽകണമെന്നഭ സംബന്ധിച്ച്.

തീരുമാനം :- കൊവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായാണ് ജില്ലാ ആസൂത്രണസമിതി കൂടുന്നതെങ്കിലും ഓൺലൈൻ യോഗത്തിൽ പങ്കെടുക്കുന്നവർക്ക് ആകെ 1000/- രൂപ നൽകാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.19 **നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്**

വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.10.2020-ലെ കത്തും നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.08.2020-ലെ 12(2)-ാം നമ്പർ തീരുമാനവും SRG 867/20 - CC/924/20)

പ്രോ.നം. 162/21 *അടങ്കൽ 16,00,000/- രൂപ*

(വികസന ഫണ്ട് - CFC - Tied Grant)

പേര്:- മൊബൈൽ ക്രിമിറ്റോറിയം

പഞ്ചായത്തിൽ പൊതു ശ്മശാനത്തിന് വാർഷിക പദ്ധതിയിൽ പല തവണ പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രോജക്ട് നടപ്പാക്കാൻ കഴിഞ്ഞില്ല. അടിയന്തിര സ്വഭാവമുള്ളതിനാൽ പഞ്ചായത്ത് സ്വന്തമായി വാഹനം വാങ്ങി മൊബൈൽ ക്രിമിറ്റോറിയം എന്ന പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഇതിന്മേൽ പുതിയ ഭരണസമിതിയുടെ കൂടി അഭിപ്രായമാരാഞ്ഞ് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകണം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

4.20 **തൃണേരി ബ്ലോക്ക് പഞ്ചായത്ത്**

കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2020-ലെ കത്തും SRG 881/20 - CC/966/20)

സുഭിക്ഷ കേരളം പദ്ധതിയിൽ താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കി. സർക്കാർ ഉത്തരവ് പ്രകാരം വിളകൾ ഇൻഷർ ചെയ്യണമെന്ന് നിബന്ധനയുണ്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം ഒക്ടോബർ മാസം തന്നെ വിളവെടുപ്പ് തുടങ്ങി. അതിനാൽ വിള ഇൻഷ്വറൻസിൽ നിന്നൊഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

പ്രോ.നം.	പേര്	അടങ്കൽ
144/21	തരിശുനില പച്ചക്കറിക്കൃഷി	2,25,000/- രൂപ (വികസന ഫണ്ട്(ജനറൽ)
145/21	തരിശുനില നെൽക്കൃഷി	1,50,000(വികസന ഫണ്ട്(ജനറൽ)
148/21	വാഴക്കൃഷി കൂലിചെലവ് സബ്സിഡി	9,00,000/- രൂപ (വികസന ഫണ്ട്(ജനറൽ)
140/21	തരിശു ഭൂമിയിൽ ഇടവിളകൃഷി	6,75,000/- രൂപ (വികസന ഫണ്ട്(ജനറൽ)

തീരുമാനം :- അനുമതി നൽകുന്നു

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

4.21 തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.10.2020-ലെ കത്തും കേരള വാട്ടർ അതോറിറ്റി പാലക്കാട് പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തും
SRG 871/20 - CC/969/20)

പ്രോ.നം. 373/21 *അടങ്കൽ 60,00,000/- രൂപ*
(CFC - Tied Grant - 20,00000/- രൂപ
മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം - 40,00,000/- രൂപ)

പേര്:-തിരുവേഗപ്പുറ, മുതുതല,പരുതൂർ ഗ്രാമപഞ്ചായത്തുകൾക്കുള്ള സമഗ്ര ശുദ്ധജല വിതരണ പരിപാടി

തിരുവേഗപ്പുറ, മുതുതല പരുതൂർ ഗ്രാമപഞ്ചായത്തുകളുടെ ഒന്നാം ഘട്ട ശുദ്ധജല വിതരണ പദ്ധതിക്കായി കേരള വാട്ടർ അതോറിട്ടി സ്റ്റേറ്റ് പ്ലാനിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആകെ 20 കോടി രൂപയാണ് അടങ്കൽ. ഇതിനായി പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന് കേരള വാട്ടർ അതോറിട്ടിയുമായി ധാരണ ആയിട്ടുണ്ട്. മാഞ്ഞാമ്പ്ര പ്രദേശത്ത് കേരള വാട്ടർ അതോറിട്ടി ടാങ്കിനു സമീപമുള്ള 1.30 ഏക്കർ സ്ഥലമാണ് കേരള വാട്ടർ അതോറിട്ടി അനുയോജ്യമായി കണ്ടെത്തിയിരിക്കുന്നത്. ഒരു സെന്റിന് 39,000/- രൂപ വച്ച് ആകെ വില 50,70,000/- രൂപ. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഇതിന്മേൽ തീരുമാനമെടുക്കുന്നതിന് കേരള വാട്ടർ അതോറിട്ടി എം.ഡി.യെക്ഷണിച്ചിരുന്നെങ്കിലും . എം.ഡി യോഗത്തിൽ ഹാജരായില്ല. പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യിലേയ്ക്ക് കേരള വാട്ടർ അതോറിറ്റ് മാനേജിംഗ് ഡയറക്ടറെ കൂടി ക്ഷണിക്കാൻ തീരുമാനിച്ചു.

നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
2)മാനേജിംഗ് ഡയറക്ടർ,
കേരള വാട്ടർ അതോറിറ്റി

4.22 മുതുതല ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.10.2020-ലെ കത്തും പാലക്കാട് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 17.09.2020-ലെ SBM 699/20-ാം നമ്പർ കത്തും
SRG 866/20 - CC/443/20)

2019-20 വർഷം പഞ്ചായത്ത് പ്രദേശത്തെ മാലിന്യം കയറ്റി അയക്കുന്നതിന് ക്ലീൻ കേരള കമ്പനിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ടെണ്ടർ നടപടി കൂടാതെ സ്വകാര്യ കമ്പനിയാണ് ഈ മാലിന്യം കൊണ്ടു പോയത്. ആകെ 22.05 ടൺ മാലിന്യം ഇങ്ങനെ കൊണ്ടു പോയി. ഇതിന്റെ ചെലവായി 2.00 ലക്ഷം രൂപ നൽകണമെന്ന് കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. മാലിന്യം കയറ്റി അയയ്ക്കാൻ 2019-20-ൽ 3,50,000/- രൂപ തനത് ഫണ്ട് ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കിയിരുന്നതാണ്. ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഇത് പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

4.23 **പത്തനാപുരം ഗ്രാമപഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2020-ലെ കത്ത് SRG 939/20 - CC/1036/20)

പ്രോ.നം .299/21 *അടങ്കൽ 2,00,000/- രൂപ*

(തനത് ഫണ്ട്)

പേര്:- പുതുതായി ആരംഭിക്കുന്ന കോടതി കെട്ടിടത്തിന്റെ വാടക

പത്തനാപുരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പുതുതായി തുടങ്ങുന്ന കോടതി തൽക്കാലം വാടക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാനാണുദ്ദേശിക്കുന്നത്. ഇതിന്റെ വാടക നൽകുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- വാടക നൽകുന്നതിന് നിയമ വകുപ്പിൽ നിന്നും ധനസഹായം ലഭിക്കുമോ എന്നും പരിശോധിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. പിന്നീട് പരിഗണിക്കും.

നടപടി- 1) തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

4.24 **പത്തനാപുരം ഗ്രാമപഞ്ചായത്ത്**

കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.12.2020-ലെ കത്ത് SRG 941/20 - CC/1037/20)

പ്രോ.നം .299/21 *അടങ്കൽ 3,00,000/- രൂപ*

(തനത് ഫണ്ട്)

പേര്:- പുതുതായി സ്ഥാപിക്കുന്ന കോടതിക്ക് ഫർണിച്ചർ വാങ്ങലും അനുബന്ധ സൗകര്യമൊരുക്കലും

പത്തനാപുരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പുതുതായി ആരംഭിക്കുന്ന കോടതി വാടക കെട്ടിടത്തിലാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഇവിടേയ്ക്ക് ഫർണിച്ചർ വാങ്ങാനും അനുബന്ധ സൗകര്യം ഒരുക്കാനും വേണ്ടിയുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഫർണിച്ചർ വാങ്ങുന്നതിന് നിയമ വകുപ്പിൽ നിന്നും ധനസഹായം ലഭിക്കുമോ എന്ന് പരിശോധിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. പിന്നീട് പരിഗണിക്കും.

നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

4.25 പെരിയ പോട്ടറി വർക്കേഴ്സ് കോട്ടേജ് ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിഡന്റിന്റെ 20.11.2020-ലെ കത്ത് SRG 931/20/ MO നം -E-4791092/20/ തസ്വഭവ)

മൺപാത്ര തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി 1958-ൽ ആരംഭിച്ചതാണ് പെരിയ പോട്ടറി വർക്കേഴ്സ് കോട്ടേജ് ഇൻസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റി. രണ്ടു പതിറ്റാണ്ടായി ഇതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. 2 ഏക്കർ വയൽ അടക്കം ആകെ 4 ഏക്കർ സ്ഥലം സൊസൈറ്റിക്കുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ 500 ലധികം മൺപാത്ര നിർമ്മാണ തൊഴിലാളികൾ ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ഖാദി കമ്മീഷന്റെ **SFRUTI** (Scheme of Fund for Regeneration of Traditional Industries) പദ്ധതിയിൽപ്പെടുത്തി ഒരു പോട്ടറി ക്ലസ്റ്റർ സംഘത്തിന്റെ സ്ഥലത്ത് അനുവദിക്കാമെന്ന് ജില്ലാ വ്യവസായ കേന്ദ്രം അറിയിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക രീതി ഉപയോഗിച്ചുള്ള പാത്രങ്ങളും ശില്പങ്ങളും നിർമ്മിക്കുന്ന യൂണിറ്റിന് 2.50 കോടി രൂപ ചെലവു വരും. ഇതിന്റെ 10 ശതമാനം (25 ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതം വേണം. ഈ തുക കാസർഗോഡ് ജില്ലാ പഞ്ചായത്ത് നൽകാമെന്ന് ധാരണയായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ തുക ജില്ലാ പഞ്ചായത്തിൽ നിന്നും നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- 500 ലധികം തൊഴിലാളികൾക്ക് തൊഴിൽ സാധ്യത ഉണ്ടാകുന്ന ഒരു സംരംഭമാണിതെന്നും പ്രധാന മുതൽമുടക്ക് കേന്ദ്ര സർക്കാരിന്റേതാണെന്നും യോഗം വിലയിരുത്തി. ഈ സാഹചര്യത്തിൽ ഇത് ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്ന് പ്രോജക്ട് തയ്യാറാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ DIC ജനറൽ മാനേജരെ ചുമതലപ്പെടുത്തി. പ്രോജക്ട് തയ്യാറാക്കിയതിനുശേഷം ആവശ്യമെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകാൻ നിർദ്ദേശിക്കുന്നു. ഇതിന് ആവശ്യമായ ഇടപെടൽ നടത്താൻ വ്യവസായവകുപ്പ് ഡയറക്ടറെ ചുമതല പ്പെടുത്തി.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്
2) ഡയറക്ടർ, വ്യവസായം

4.26 പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2021-ലെ കത്ത് SRG 7/21 CC-974/20)

പ്രോ.നം .242/21 *അടങ്കൽ 4,23,378/- രൂപ*

(വികസനഫണ്ട്- ജനറൽ)

പേര്:- എറികാട് സ്കൂളിൽ എഫ്.എം. റേഡിയോ സ്റ്റേഷൻ

സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുന്നതിന് എറികാട് സ്കൂളിൽ എഫ്.എം. റേഡിയോ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- എഫ്.എം. റേഡിയോ സ്റ്റേഷൻ തുടങ്ങാൻ അനുമതി നൽകേണ്ടത് ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയമാണ്. മന്ത്രാലയത്തിന്റെ അനുമതി വാങ്ങിയതിനുശേഷം ആവശ്യമെങ്കിൽ കോഓർഡിനേഷൻ കമ്മിറ്റിക്ക് അനുമതിക്കായി നൽകാൻ നിർദ്ദേശിക്കുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.27 **കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.12.2020-ലെ കത്തും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.07.2020-ലെ 3(2)-ാം നമ്പർ തീരുമാനം SRG 945/ 20 CC-1050/20)

പ്രോ.നം .71/21 ***അടങ്കൽ 3,00,000/- രൂപ***

(വികസനഫണ്ട്- ജനറൽ)

പേര്:- വനിതാ ഗ്രൂപ്പിന് തുണി ബാഗ് നിർമ്മാണ യൂണിറ്റ്

പഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ഇവർക്ക് അധിക വരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേനാ ഗ്രൂപ്പിന് തുണി ബാഗ് നിർമ്മാണത്തിന് ധനസഹായം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- അനുമതി നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.28 **കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്**

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 31.12.2020-ലെ കത്തും കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13.08.2020-ലെ 5(6)-ാം നമ്പർ തീരുമാനവും. SRG 946/20 CC-1049/20)

പ്രോ.നം .182/21 ***അടങ്കൽ 1,00,000/- രൂപ (തനത് ഫണ്ട്)***

പേര്:- CCTV ക്യാമറ സ്ഥാപിക്കൽ

പഞ്ചായത്തിൽ കാർത്തികപ്പള്ളി - ഠാണാപടി തോട്ടിൽ വ്യാപകമായി മാലിന്യം നിക്ഷേപിക്കുന്നുണ്ട്. പരാതിയുടെ അടിസ്ഥാനത്തിൽ ഹരിപ്പാട് മുൻസിഫ് മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റി ഇടപെട്ടിരുന്നു. തോട് മാലിന്യ മുക്തമാക്കി നീരൊഴുക്ക് സുഗമമാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി CCTV ക്യാമറ സ്ഥാപിക്കാനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

തീരുമാനം :- ഇതിന്റെ മോണിറ്ററിംഗ് സംവിധാനവും ഉറപ്പാക്കണമെന്ന് നിബന്ധനയോടെ അനുമതി നൽകുന്നു.. കൂടാതെ ലീഗൽ സർവ്വീസ് സൊസൈറ്റി നിർദ്ദേശിച്ച പ്രകാരം പൊതുജനപങ്കാളിത്തത്തോടെ തോട് ശുചീകരിക്കാൻ കൂടി നടപടി സ്വീകരിക്കണം

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.29 **കല്ലറ (വൈക്കം) ഗ്രാമപഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2021-ലെ കത്തും കല്ലറ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.11.2020-ലെ 1(1)-ാം നമ്പർ തീരുമാനം SRG 1/21 CC-1029/20)

പ്രോ.നം .63/21 ***അടങ്കൽ 2,00,000/- രൂപ***

(മെയിന്റനൻസ് ഗ്രാന്റ് - നോൺറോഡ്)

പേര്:- മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് കെട്ടിടം നവീകരണം

മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായുള്ള ഈ പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചു. പ്രത്യേകാനുമതി സംബന്ധിച്ച്.

തീരുമാനം :- പ്രത്യേകാനുമതി നൽകുന്നു

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്

4.30 **എരുമേലി ഗ്രാമപഞ്ചായത്ത്**

കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2021-ലെ കത്ത് SRG 2/21 CC-1059/20)

പ്രോ.നം .42/19 ***അടങ്കൽ 24,00,000/- രൂപ***

(വികസനഫണ്ട്- ജനറൽ 12,00,000/- രൂപ

ഉണഭോക്തൃ വിഹിതം 12,00,000/- രൂപ)

പേര്:- കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം

കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങി 2018-19-ൽ കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണം നടത്തി. എന്നാൽ പ്രോജക്ടിൽ വകയിരുത്തിയ തുക തീർന്നതിനാൽ അവസാന രണ്ടു തവണ വിതരണം ചെയ്ത കാലിത്തീറ്റയുടെ വില കേരള ഫീഡ്സിന് നൽകിയില്ല. 2019-20-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. ഈ തുക നടപ്പു വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ അനുമതി സംബന്ധിച്ച്.

തീരുമാനം :- നിർവഹണ ഉദ്യോഗസ്ഥൻ മുകളിൽ പറഞ്ഞ വസ്തുത സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

4.31 **ഇടുക്കി ജില്ല - ആർ.ജി.എസ്.എ - ഡി.പി.ആർ.സി കെട്ടിട നിർമ്മാണം**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 06/01/2021-ലെ C4/6970/14-ാം നമ്പർ കത്ത് SRG 15/21)

ഇടുക്കി ജില്ലയിൽ നിർമ്മാണം പൂർത്തീകരിച്ചു വരുന്ന ഡി.പി.ആർ.സി (ജില്ലാ പ്ലാനിംഗ് ആന്റ് റിസോഴ്സ് സെന്റർ)കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 49,50,000/- രൂപ സമാഹരിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

തീരുമാനം :- ഇടുക്കി ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 3,00,000/- രൂപ (മൂന്ന് ലക്ഷം)ൽ അധികരിക്കാത്ത തുക തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

നടപടി- 1) തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

യോഗം ഉച്ചയ്ക്ക് 1.30-ന് അവസാനിച്ചു

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡോ.കെ.എൻ. ഹരിലാൽ, മെമ്പർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4 എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ (പ്രതിനിധി)
5 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
6 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
7 ഡയറക്ടർ, നഗരകാര്യ വകുപ്പ്
8 ഗ്രാമവികസന കമ്മീഷണർ
9 പ്രിൻസിപ്പൽ സെക്രട്ടറി, ഫിനാൻസ് വകുപ്പ് (പ്രതിനിധി)
10 അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് (പ്രതിനിധി)
11 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
12 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
14 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ് (പ്രതിനിധി)
15 ഡയറക്ടർ ജനറൽ, കില
16 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
17 ഡയറക്ടർ, പട്ടികജാതി വികസനം (പ്രതിനിധി)
18 ഡയറക്ടർ, പട്ടികവർഗ്ഗ വികസനം (പ്രതിനിധി)
19 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
20 ഡയറക്ടർ, വനിതാ ശിശുവികസന വകുപ്പ് (പ്രതിനിധി)
21 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ